# താമരമൊട്ടുകൾ

വാല്യം 24 | ഏപ്രിൽ 2022 | ലക്കം 04 | Price ₹ 20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ ഏപ്രിൽ 2022 ലക്കം 04

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"അവൻ ഇവിടെയില്ല; താൻ അരുളിചെയ്തതുപോലെ
അവൻ ഉയിർപ്പിക്കപ്പെട്ടു'

(മത്താ. 28:6)

## വായനക്കാർക്കെല്ലാം
## ഈസ്റ്റർ മംഗളങ്ങൾ

# BISHOP'S PROGRAMME
## April 2022

| | | |
|---|---|---|
| 01 | 09.00 | Eranakulam |
| 02 | 07.00 | Kulathuvayal |
| 03 | 17.00 | Puthuppady |
| 04 - 05 | | Parish Visit - Paropady Forane |
| 06 - 07 | | Parish Visit - Kodanchery Forane |
| 08 | 07.00 | Kulathuvayal |
| 09 | 08.00 | Cathedral |
| | 10.30 | Bethania |
| 10 | 07.00 | Cathedral |
| 11 | 10.00 | Cathedral |
| | 16.00 | Pulloorampara |
| 12 - 13 | | Prayer day |
| 14 | 07.00 | Thamarassery |
| | 16.30 | Devagiri |
| 15 | 07.00 | Venappara |
| 17 | 03.00 | Cathedral |
| 18 | 10.00 | Manjakunnu |
| 19 | 10.00 | Thaliparamba |
| 20 | 09.00 | Thalassery |
| 21 | 06.30 | Kodanchery |
| | 09.00 | Pushpagiri - Ordination |
| | 02.30 | Thamarassery |
| 22 | 10.00 | Muttar |
| 23 | 09.00 | Palakkad |
| | 04.00 | Thuvur |
| 24 | 10.00 | Kodanchery |
| | 17.00 | Mavoor |
| 25 | 10.30 | Chevayur |
| | 15.00 | Thamarassery |
| 26 | 08.00 | Cathedral |
| | 11.30 | Kottooly |
| 27 | 10.30 | Poolakadavu |
| 28 | 07.00 | Cathedral |
| 29 | | Prayer day |
| 30 | 07.30 | Chakkittapara |
| | 10.00 | Kulathuvayal |
| | 17.00 | Pathipara |

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 233 |
| 2. | പ്രോഗ്രാം ഏപ്രിൽ 2022 | 235 |
| 3. | സർക്കുലർ 04/2022 | 236 |
| 4. | സർക്കുലർ 05/2022 | 239 |
| 5. | സർക്കുലർ 06/2022 | 241 |
| 6. | സർക്കുലർ 07/2022 | 244 |
| 7. | സർക്കുലർ 08/2022 | 249 |
| 8. | സർക്കുലർ | 252 |
| 9. | Pope Francis' Act of Consecration of Russia and Ukraine | 255 |
| 10. | കച്ചേരിക്കാര്യം | 258 |
| 11. | വിശ്വാസപരിശീലനം | 263 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 266 |
| 13. | വൊക്കേഷൻ ബ്യൂറോ | 268 |
| 14. | ലിറ്റർജി കമ്മീഷൻ | 269 |
| 15. | വിദ്യാഭ്യാസരംഗം | 270 |
| 16. | സ്റ്റാർട്ട് | 273 |
| 17. | മാതൃവേദി | 275 |
| 18. | ആദരാഞ്ജലികൾ | 278 |
| 19. | കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ | 279 |
| 20. | ഇൻഫാം | 281 |
| 21. | സെമിനാരി വാർത്തകൾ | 283 |
| 22. | കുടുംബ പ്രേഷിതത്വം | 284 |
| 23. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 284 |
| 24. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 286 |
| 25. | കരിസ്മാറ്റിക് മൂവ്മെന്റ് | 287 |
| 26. | ബഥാനിയ ധ്യാനകേന്ദ്രം | 288 |
| 27. | കെസിവൈഎം - എസ്എംവൈഎം | 289 |
| 28. | കത്തോലിക്കാ കോൺഗ്രസ് | 294 |
| 29. | യേശുനിധി | 296 |
| 30. | അജപാലനക്കുറിപ്പുകൾ | 297 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Palliyodil Joseph Christie | April | 4 |
| Chelackal George | | 7 |
| Muttathukunnel Wilson | | 14 |
| Srambickal Abraham | | 12 |
| Puthusseriputhenpura George | | 15 |
| Francis Kochumundammalayil | | 16 |
| Vellamackal Francis | | 17 |
| Puthiyaparambil Thomas | | 18 |
| Thittayil Mathew | | 19 |
| Kalathoor George | | 23 |
| Mulangassery Mathew | | 24 |
| Parankulangara Thomas | | 25 |
| Puthanpurakkal Joseph | | 25 |
| Chakkittamuriyil Thomas (Sr) | | 28 |

**Mar Remigiose Inchananiyil**

# Feast Day Greetings




Rev. Fathers

| | | |
|---|---|---|
| Asariparambil George | April | 24 |
| Chelackal George | | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karukamalil George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Narivelil George | | 24 |
| Paimpillil George | | 24 |
| Purayidathil George | | 24 |
| Puthusseriputhenpura George | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഏപ്രിൽ 2022

| | | |
|---|---|---|
| 04 | തിങ്കൾ | **ചരമദിനം: മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 08 | വെള്ളി | നാല്പതാം വെള്ളി – കുളത്തുവയൽ തീർത്ഥാടനം |
| 09 | ശനി | വേദസാക്ഷികളുടെ തിരുനാൾ |
| 10 | ഞായർ | **ഓശാന ഞായർ** |
| 14 | വ്യാഴം | **പെസഹാ വ്യാഴം** |
| 15 | വെള്ളി | **ദുഃഖവെള്ളി** |
| 16 | ശനി | വലിയ ശനി |
| 17 | ഞായർ | **ഈസ്റ്റർ** |
| 20 | ബുധൻ | മാർ ജോസഫ് പാംബ്ലാനിയുടെ സ്ഥാനാരോഹണം |
| | | **ചരമദിനം: മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 24 | ഞായർ | **പുതുഞായർ,** വി. ഗീവർഗ്ഗീസ് |
| 25 | തിങ്കൾ | വി. മർക്കോസ് സുവിശേഷകൻ |
| 28 | വ്യാഴം | രൂപതാദിനം |
| 29 | വെള്ളി | സിയന്നായിലെ വി. കത്രീന |



*സർക്കുലർ 04/2022*

# കുളത്തുവയൽ തീർത്ഥാടനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

രൂപതയുടെ ആഭിമുഖ്യത്തിൽ വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ച നടക്കുന്ന കുളത്തുവയൽ തീർത്ഥാടനത്തെക്കുറിച്ച് നിങ്ങളെ അറിയിക്കുന്നതിനാണ് ഞാനിതെഴുതുന്നത്. ഈശോയുടെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയ രഹസ്യങ്ങളെ ധ്യാനിക്കുന്ന നോമ്പുകാലത്തിലൂടെ നാം കടന്നുപോവുകയാണല്ലോ. ഈശോയുടെ പീഡാസഹനങ്ങളോട് താദാത്മ്യം പ്രാപിച്ച് പരിത്യാഗപ്രവൃത്തികളിലൂടെ നമ്മുടെയും ലോകം മുഴുവന്റെയും പാപത്തിന് പരിഹാരമനുഷ്ഠിക്കുവാൻ തിരുസ്സഭാമാതാവ് ഈ നോമ്പുകാലത്ത് നമ്മെ ക്ഷണിക്കുന്നു. “നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്ക പ്പെട്ടു” (ഏശയ്യാ 53/4-5) എന്ന് ഏശയ്യാ പ്രവാചകനിലൂടെ അരുൾചെയ്യപ്പെട്ട ദൈവവചനത്തിന്റെ പൂർത്തീകരണമായിരുന്നല്ലോ ഈശോയുടെ പീഡാസഹനവും മരണവും.

നോമ്പിന്റെ ചൈതന്യത്തിൽ നമ്മെ കൂടുതൽ ആഴപ്പെടു ത്തുന്ന ഒരു ഭക്തകൃത്യമാണല്ലോ കുരിശിന്റെ വഴി. കുരിശിന്റെ വഴിയിലെ പ്രാർത്ഥനകളും ഗീതങ്ങളും എത്രയോ ഹൃദയസ്പർശി യാണ്. കുരിശിന്റെ വഴിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ച അനേകരിൽ ഈശോയുടെ നൊമ്പരങ്ങൾ സ്വന്തം വേദനയായി രൂപാന്തരപ്പെടുന്നതായും, ജീവിത വിശുദ്ധിക്കുവേണ്ടിയുള്ള ആഗ്രഹം നിറയുന്നതായും, ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള പ്രചോദനം ലഭിക്കുന്നതായും എന്നോട് പങ്കുവച്ചിട്ടുണ്ട്. നിയോഗം വച്ച് കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചതിന്റെ ഫലമായി അനേകം മാനസാന്തരങ്ങൾ നടന്നതിന്റെ സാക്ഷ്യങ്ങളും കേൾക്കാനിടയായിട്ടുണ്ട്. കുരിശിന്റെ വഴി എന്ന ഭക്താഭ്യാസം കൃപകൾ ധാരാളമായി ലഭിക്കുന്ന സ്രോതസ്സാണ് എന്നാണ് വ്യക്തിപരമായ എന്റെ അനുഭവം.


നമുക്കുവേണ്ടി സഹിച്ച് മരിച്ച്, ഉത്ഥിതനായ ഈശോയോടൊപ്പം ത്യാഗപൂർവ്വം അവിടുത്തെ കുരിശിന്റെ വഴിയിലൂടെ സഞ്ചരിക്കുവാനുള്ള അവസരമാണ് കുളത്തുവയൽ തീർത്ഥാടനം. കോവിഡ് മഹാമാരിമൂലം രണ്ട്

വർഷമായി മുടങ്ങിക്കിടന്ന ഈ തീർത്ഥാടനം ഈ വർഷം നാം പുനരാരംഭിക്കുകയാണ്. ആയിരക്കണക്കിന് വിശ്വാസികൾക്ക് പ്രാർത്ഥനയുടെ വലിയ അനുഭവമായി മാറിയ കുളത്തുവയൽ തീർത്ഥാടനത്തിലേക്ക് നിങ്ങളെ ഓരോരുത്തരേയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഈ വർഷം ഏപ്രിൽ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക് കുളത്തുവയലിൽ എത്തിച്ചേരത്തക്കവിധത്തിലാണ് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. ഏപ്രിൽ 7-ാം തീയതി രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രലിൽ നിന്ന് തീർത്ഥാടനം ആരംഭിക്കുന്നതാണ്. കുരിശിന്റെ വഴിയും ജപമാലയും തുടർച്ചയായി ചൊല്ലിക്കൊണ്ട് നടത്തുന്ന ഈ തീർത്ഥാടനം ഏകദേശം 30 കിലോമീറ്റർ ദൈർഘ്യമുള്ളതാണ്.

റഷ്യ-യുക്രെയിൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ തീർത്ഥാടനത്തിന്റെ പ്രത്യേക നിയോഗമായി ലോകസമാധാന ത്തിനുവേണ്ടിയും സഭ മുഴുവനുവേണ്ടിയും പ്രാർത്ഥിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഇടവകകളും സംഘടനകളും ഇക്കാര്യത്തിൽ താത്പര്യമെടുക്കുമല്ലോ. കഴിയുന്ന എല്ലാവരും ഈ തീർത്ഥയാത്രയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഴുവൻ ദൂരവും നടക്കുവാൻ സാധിക്കാത്തവർ തീർത്ഥാടനത്തിന്റെ ഏതെങ്കിലും ഭാഗത്ത് പങ്കുചേർന്ന് പ്രാർത്ഥിക്കുന്നത് വലിയ അനുഗ്രഹത്തിന് കാരണമാകും. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവാണ് സമാപന ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നത്. രൂപത മുഴുവനും നാല്പതാം വെള്ളിയാഴ്ചത്തെ തീർത്ഥാടനത്തിൽ മാനസികമായി പങ്കുചേർന്ന് പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവാനു ഗ്രഹപ്രദമായ ഒരു വലിയ ആഴ്ചയും ഉയിർപ്പുതിരുനാളും ഏവർക്കും ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2022 ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## പ്രോഗ്രാം

**07.04.2022 – വ്യാഴം**

| | | |
|---|---|---|
| രാത്രി 10 മണി | – | തീർത്ഥാടനം കത്തീഡ്രലിൽ നിന്ന് ആരംഭിക്കുന്നു. |

**08.04.2022 – വെള്ളി**

| | | |
|---|---|---|
| രാവിലെ 7 മണി | – | തീർത്ഥാടനം കുളത്തുവയലിൽ എത്തിച്ചേരുന്നു. |
| 7.30 | – | വി. കുർബാന, വചനസന്ദേശം– **മാർ ജോർജ് ഞരളക്കാട്ട് (തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത)** |
| 9.30 | – | നേർച്ചഭക്ഷണം, സമാപനം |



*സർക്കുലർ 05/2022*

# യേശുനിധി

മിശിഹായിൽ പ്രിയപ്പെട്ടവരേ,


"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്" (മത്തായി 25:40) എന്ന ദൈവവചനം അനുസ്മരിച്ചുകൊണ്ടാണ് ഈ സർക്കുലർ ഞാനെഴുതുന്നത്. നിങ്ങൾക്ക് ഏവർക്കും അറിയാവുന്നതുപോലെ താമരശ്ശേരി രൂപതയുടെ കാരുണ്യനിധിയായ യേശുനിധി ആരംഭിച്ചിട്ട് 26 വർഷങ്ങൾ പിന്നിടുകയാണ്. സഹായമർഹിക്കുന്നവർക്ക് ചെറിയ ഒരു സഹായമാവുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച രൂപതയുടെ ജീവകാരുണ്യ പ്രവർത്തനഫണ്ടാണ് യേശുനിധി. നോമ്പിന്റെ ചൈതന്യത്തിൽ നിന്ന് ഉരുത്തിരിയുന്ന സാഹോദര്യത്തിന്റെ നേർക്കാഴ്ചയാണ് യേശുനിധിയിലൂടെ ദൈവജനം ഇക്കാലമത്രയും പ്രകടമാക്കിയത്. വിശക്കുന്നവന് മുമ്പിൽ അപ്പമായും, ദാഹിക്കുന്നവന് നീർച്ചാലായും നഗ്നന് ഉടുവസ്ത്രമായും, രോഗികൾക്കും ആലംബഹീനർക്കും കാരാഗൃഹവാസിക്കും, പരദേശിക്കും വലിയ ആശ്വാസവുമായി ത്തീരുന്ന കാരുണ്യത്തിന്റെ സ്നേഹഹസ്തമാണ് യേശുനിധി.

ഹെബ്രായലേഖനം നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. "നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ്" (ഹെബ്രാ. 13/16) എന്ന്. പങ്കുവയ്ക്കലിന്റെ മനോഭാവവും ശൈലിയും യഥാർത്ഥത്തിൽ ബലിയർപ്പണം തന്നെയാണ് എന്ന് വചനം പഠിപ്പിക്കുന്നു. നമ്മുടെ രൂപതയിലെ ഭവനരഹിതർക്കും, സാമ്പത്തികപരാധീനതകളാൽ ജീവിതം വഴിമുട്ടിയവർക്കും, മാറാവ്യാധികളിൽ കഴിയുന്നവർക്കും വലിയ ഒരാശ്വാസമാണ് യേശുനിധി. കോവിഡിന്റെ സാഹചര്യ ത്തിൽപ്പോലും യേശുനിധിയോട് വളരെ അനുഭാവപൂർവ്വകമായ സമീപനമാണ് കഴിഞ്ഞവർഷം ദൈവജനം നല്കിയത് എന്നത് കൃതജ്ഞതയോടെ ഓർക്കുന്നു. 49,20,222/- (നാല്പത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരത്തി ഇരുനൂറ്റി ഇരുപത്തിരണ്ട്) രൂപ കഴിഞ്ഞവർഷം യേശുനിധിയിലേക്ക് സമാഹരിക്കുവാൻ നമുക്ക് സാധിച്ചു. അതിൽ 60 പേർക്ക് 8,05,000 രൂപ ഭവന നിർമ്മാണ ത്തിനും, 153 പേർക്ക് 17,55,500 രൂപ ചികിത്സ സഹായമായും, 54

പേർക്ക് 7,17,000 രൂപ വിദ്യാഭ്യാസ സഹായമായും, 30 പേർക്ക് 5,03,000 രൂപ വിവാഹ സഹായമായും, 8 പേർക്ക് 1,70,000 രൂപ മറ്റ് ആവശ്യങ്ങൾക്കായി നല്കുകയും ചെയ്തു. അങ്ങനെ 305 ഓളം അർഹതപ്പെട്ടവർക്ക് 39,50,500 രൂപ നല്കുവാൻ നമുക്ക് സാധിച്ചു. ബഹു. വികാരിയച്ചന്മാരുടെ ശിപാർശയോടെ യേശുനിധി കമ്മറ്റിയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകളെല്ലാം പരിഗണിച്ച് പാവങ്ങൾക്ക് അത്താണിയായി മാറുവാൻ യേശുനിധിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

"ദരിദ്രരോട് ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്; അവിടുന്ന് ആ കടം വീട്ടും" (സുഭാ. 19/17) എന്ന ദൈവവചനം നമുക്ക് ഓർക്കാം. ഒരിക്കൽക്കൂടി നമ്മുടെ രൂപതയിലെ പാവങ്ങൾക്കുവേണ്ടി ഞാൻ നിങ്ങളുടെ ഓരോരുത്തരുടെയും മുമ്പിൽ കരങ്ങൾ നീട്ടുകയാണ്. സംഭാവ നകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്ന കവറുകളിൽ രസീതോടുകൂടി നിക്ഷേപിച്ചു 2022 ഏപ്രിൽ 10-ാം തീയതി ഓശാന ഞായറാഴ്ച വി. കുർബാന മദ്ധ്യേ സമർപ്പിക്കേണ്ടതാണ്. നമ്മുടെ രൂപതയിലെ സ്ഥാപനങ്ങളും സന്യാസഭവനങ്ങളും ഇതേ മനോഭാവത്തോടെ യേശുനിധിയിലേക്കുള്ള സംഭാവനകൾ പതിവുപോലെ രൂപതാഭവനിൽ ഏൽപ്പിക്കുമല്ലോ. "ഓരോരു ത്തരും സ്വന്തം തീരുമാനമനുസരിച്ചുവേണം പ്രവർത്തിക്കാൻ. വൈമനസ്യത്തോടെയോ, നിർബന്ധത്തിനു കീഴ്വഴങ്ങിയോ, ആകരുത്. സന്തോഷപൂർവ്വം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്" (2 കൊറി. 9/7) എന്ന പൗലോസ് അപ്പസ്തോലന്റെ വചനം നമുക്ക് ഓർക്കാം. നമ്മുടെ എല്ലാ നിയോഗങ്ങളെയും ഈശോ ആശീർവദിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും വലിയ ആഴ്ചയുടെ അനുഗ്രഹങ്ങളും ഉയിർപ്പ് തിരുനാളിന്റെ നന്മകളും ഏവർക്കും ആശംസിച്ചു കൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,



✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2022 ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

*സർക്കുലർ 06/2022*

# രൂപതാദിനാഘോഷം

**2022 ഏപ്രിൽ 28, വ്യാഴാഴ്ച**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

താമരശ്ശേരി രൂപത 37-ാം വയസ്സിലേക്ക് പ്രവേശിക്കുകയാണ്. 1986 ഏപ്രിൽ 28-ാം തീയതി "ആദ് പെർപെത്തുവാം ദെയി മെമ്മോറിയം" എന്ന തിരുവെഴുത്തിലൂടെ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, തലശ്ശേരി അതിരൂപതയുടെ ഭാഗമായിരുന്ന കോഴിക്കോട്, മലപ്പുറം ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് താമരശ്ശേരി രൂപത സ്ഥാപിച്ചു. 1986 ജൂലൈ മൂന്നാം തീയതി ദുക്റാനത്തിരുനാൾ ദിവസം ഭാഗ്യസ്മരണാർഹനായ പ്രഥമ മെത്രാൻ മാർ മങ്കുഴിക്കരിപ്പിതാവിന്റെ സ്ഥാനാരോഹണത്തോടെ രൂപത ഉദ്ഘാടനം ചെയ്യപ്പെട്ടു. ദൈവ പരിപാലനയുടെ 36 വർഷങ്ങൾ പിന്നിടുമ്പോൾ "കർത്താവിന്റെ അനുഗ്രഹങ്ങൾക്ക് പകരമായി എന്തുകൊടുക്കും; രക്ഷയുടെ കാസയുമെടുത്ത് കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ. 116:12-13) എന്ന സങ്കീർത്തന വചനങ്ങളാണ് ഓർമ്മ വരുന്നത്. അഭിവന്ദ്യ മങ്കുഴിക്കരിപ്പിതാവിലൂടെ അജപാലന ശുശ്രൂഷ ആരംഭിച്ച് രൂപതാദ്ധ്യക്ഷന്മാരായ മാർ ജേക്കബ് തൂങ്കുഴിയും, മാർ പോൾ ചിറ്റിലപ്പിള്ളിയും, ബഹു. വൈദികരും, സമർപ്പിതരും, അത്മായ പ്രേഷിതരും നനച്ചു വളർത്തിയ താമരശ്ശേരി രൂപതയുടെ വളർച്ച എത്രയോ ശ്ലാഘനീയമാണ്.

1930-കളിൽ കുളത്തുവയൽ പ്രദേശത്തും, മരുതോങ്കരയിലും, കോടഞ്ചേരിയിലും, തിരുവമ്പാടിയിലും, 1948-ൽ മരിയാപുരത്തും കുടിയേറ്റങ്ങൾ നടന്നു. തിരുവതാംകൂറിലെ അക്കാലത്തെ സാമാന്യം ഭേദപ്പെട്ട ജീവിത സാഹചര്യങ്ങളിൽ നിന്ന് നമ്മുടെ പൂർവ്വികർ മലബാറിലേക്ക് വന്നത് നിശ്ചയദാർഢ്യത്തോടെയും വിശ്വാസ തീക്ഷ്ണതയോടെയുമായിരുന്നു. കഠിനാദ്ധ്വാനത്തിന്റെ വീരചരിത്രമെഴുതിയ പൂർവ്വപിതാക്കന്മാരുടെ ഓർമ്മകളാണ് രൂപതാദിനാഘോഷത്തിന്റെ കേന്ദ്രം. അഭിവന്ദ്യ മങ്കുഴിക്കരിപ്പിതാ വിന്റെ ആദ്യ ഇടയലേഖനത്തിലെ ഏതാനും വരികൾ ഇവിടെ കുറിക്കട്ടെ. "നമ്മുടെ പിതാക്കന്മാർ ത്യാഗങ്ങൾ സഹിച്ച് ഈ പ്രദേശത്ത് കൊളുത്തിയ വിശ്വാസദീപം അണയാതെ സൂക്ഷിക്കുവാനും അതിൽ നിന്ന് കൈത്തിരികൾ കത്തിച്ച് ഈ പ്രദേശമാകെയും ഇതിനപ്പുറവും പ്രകാശമാനമാക്കുവാനും നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ" (മാർ മങ്കുഴിക്കരി, ഇടയലേഖനം 1986 ജൂലൈ 3). കഴിഞ്ഞ കാലങ്ങളിൽ ദൈവം

നമ്മുടെ പൂർവ്വികരിലൂടെ നമ്മുടെ രൂപതയ്ക്കും, സമുദായത്തിനും പൊതുസമൂഹത്തിനും നല്കിയ വലിയ ദാനങ്ങളെ കൃതജ്ഞത യോടെ നമുക്ക് അനുസ്മരിക്കാം. കഴിഞ്ഞ രണ്ടുവർഷമായി നാം നേരിടുന്ന കോവിഡിന്റെ സാഹചര്യത്തിൽ അജപാലനപ്രവർത്ത നങ്ങൾ സുഗമമായി നടന്നിരുന്നില്ല എന്ന് നമുക്കറിയാം. അജപാലന സന്ദർശനങ്ങൾ നടത്തുവാനോ, നിങ്ങളെ നേരിൽ കാണുവാനോ, രോഗീസന്ദർശനം നടത്തുവാനോ സാധിക്കാ ത്തവിധം സാമൂഹികമായി ഒറ്റപ്പെടലിന്റെ വേദനയിലായിരുന്നു നാമെല്ലാവരും. മഹാമാരിയുടെ സ്വാധീനത്തിൽ നിന്നും പൂർണ്ണമായി നാം വിമുക്തരായില്ലെങ്കിലും സാധാരണ ജീവിത ത്തിലേക്കുള്ള ഒരു തിരിച്ചുവരവ് ഇപ്പോൾ നടന്നുകൊണ്ടിരിക്കു കയാണ്. വി. കുർബാനയും, കുടുംബക്കൂട്ടായ്മകളും, തിരുനാ ളുകളും സജീവമായി. ഉറ്റവരുടെയും ഉടയവരുടെയും മൃതസംസ് കാര ശുശ്രൂഷകളിൽ പങ്കെടുക്കാം എന്നത് എത്രയോ ആശ്വാ സമാണ്.

ഇടവകകളിലുള്ള എന്റെ അജപാലന സന്ദർശനങ്ങളും കഴിഞ്ഞ രണ്ടുവർഷമായി മുടങ്ങിക്കിടക്കുകയായിരുന്നല്ലോ. ഈ നോമ്പുകാലത്ത് രൂപതയിലെ മുഴുവൻ ഇടവകകളും സന്ദർശിക്കുവാനും, ബഹു. വികാരിയച്ചന്മാരേയും, കൈക്കാര ന്മാരേയും, സമർപ്പിതരേയും കണ്ട് ഇടവകയിലെ അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുവാനും സാധിച്ചു. കോവിഡ് കാലത്തും ബഹു. വൈദികരും, സമർപ്പിതരും, വിശ്വാസപരി ശീലകരും, സംഘടനാ നേതാക്കളും കാണിച്ച സ്തുത്യർഹമായ പ്രവർത്തനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. രോഗികൾക്കും വേദനിക്കുന്നവർക്കും പ്രത്യേകമായ പരിഗണനകൾ നല്കിയും, സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളവരെ സഹായിച്ചും ദൈവജനത്തോടൊപ്പമായിരിക്കുവാൻ ഇടവകയുടെ ഉത്തരവാദിത്വം വഹിക്കുന്നവർക്ക് കഴിഞ്ഞിട്ടുണ്ട്.


“വിശ്വസിച്ചവരെല്ലാം ഒരു സമൂഹമായി മാറി” എന്ന തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഇടവകകൾ രൂപപ്പെടുമ്പോഴാണ് അത് രൂപത മുഴുവന്റെയും ഉണർവിന് കാരണമാകുന്നത്. അവർ പകർന്ന വിശ്വാസതീഷ്ണതയും സഭാസ്നേഹവും കഠിനാധ്വാനവും സാഹോദര്യവും പങ്കുവയ്ക്ക ലും ഒരു സ്നേഹ ചൈതന്യമായി നമ്മുടെ രൂപതയിൽ മുഴുവൻ നിലനിർത്തുവാൻ നമുക്ക് പരിശ്രമിക്കാം.

രൂപതയിൽ നാം ഒരു കുടുംബം എന്ന ചിന്തയോടെ എല്ലാ വർഷവും ഏപ്രിൽ 28-ന് രൂപതാദിനമായി നാം ആചരിക്കാ റുണ്ടല്ലോ. കൃതജ്ഞതയുടെ ബലിയർപ്പിക്കുവാനും, നമ്മിൽ നിന്ന് വേർപിരിഞ്ഞുപോയവരെ അനുസ്മരിക്കുവാനും, നമ്മുടെ രൂപതയിൽ നിന്ന് സ്തുത്യർഹമായ

സേവനങ്ങൾ കാഴ്ചവച്ചവരെ അനുമോദിക്കുവാനുമുള്ള നല്ല അവസരമാണ് രൂപതാദിനം. ഏപ്രിൽ 28-ാം തീയതി വ്യാഴാഴ്ച രാവിലെ താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങ ളുടെ സാന്നിധ്യത്തിൽ വി. ബലിയും, തുടർന്ന് പൊതുസമ്മേ ളനവും നടത്തുന്നതാണ്. തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനിയ്ക്ക് സ്വീകരണവും അന്നേ ദിവസം നമ്മൾ നല്കുന്നതാണ്. അന്ന് ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബാന അർപ്പിച്ച് രൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

നമ്മുടെ രൂപതയുടെയും സഭയുടെയും, സമുദായത്തിന്റെയും സമഗ്രമായ വളർച്ചയ്ക്കുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കു വാനും സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കാളികളാകുവാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മദ്ധ്യസ്ഥതയും നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,



✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2022 ഏപ്രിൽ 24-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

*സർക്കുലർ 07/2022*

# ദൈവവിളി

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

അധ്യയനവർഷത്തിന്റെയും നോമ്പുകാലത്തിന്റെയും സമാപന ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. നന്നായി പഠിച്ച് പരീക്ഷകളിൽ ഉയർന്ന വിജയം സ്വന്തമാക്കാനും, കൂടുതൽ തീക്ഷ്ണതയോടെ ദൈവാനുഗ്രഹത്താൽ നിറഞ്ഞ് വിശുദ്ധവാരത്തിന്റെ ചൈതന്യത്തിലേക്ക് കടക്കാനും എല്ലാ വിദ്യാർത്ഥികളെയും ദൈവം അനുഗ്രഹിക്കട്ടെ. വിദ്യാഭ്യാസമേഖലയിലും, ആത്മീയ മേഖലയിലും 'കോവിഡ് 19' സൃഷ്ടിച്ച അനിശ്ചിതത്വങ്ങളെ സമചിത്തതയോടെ തരണം ചെയ്യുന്നതിന് ആവശ്യമായതെല്ലാം നൽകി നിങ്ങളെ സഹായിച്ച മാതാപിതാക്കളെയും, അദ്ധ്യാപകരെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ഈ നോമ്പുകാലം പരീക്ഷകളെയും പരീക്ഷണങ്ങളെയും ചെറുത്ത് തോൽപിക്കാനുള്ള പരിശീലനകാലമാണ്. മരുഭൂമിയിലെ പരീക്ഷകളെ വചനത്തിന്റെ ശക്തിയാൽ തോൽപിച്ച ഈശോയുടെ മാതൃക പിന്തുടർന്ന് അനുദിന ജീവിതത്തിലെ പ്രലോഭനങ്ങളെ നമുക്ക് നേരിടാം. ദൈവസാന്നിധ്യത്തിലായിരുന്ന് പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള അവസരം കൂടിയാണ് നോമ്പുകാലം. ദൈവഹിതം തിരിച്ചറിയുന്നത് പോലെ തന്നെ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ സ്വരത്തിന് കാതോർക്കുന്നതും വളരെ പ്രധാനപ്പെട്ടതാണ്. "തന്നോട് കൂടെയായിരിക്കുന്നതിനും, പ്രസംഗിക്കാൻ അയക്കുന്നതിനും, പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി" (മർക്കോസ് 3:14) അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത ഈശോ തന്റെ രക്ഷാകരദൗത്യം ഈ ഭൂമിയിൽ തുടരുന്നതിനായി ഇന്നും അനേകരെ വിളിക്കുന്നുണ്ട്. ദൈവം വിളിക്കുന്നു എന്ന് തിരിച്ചറിയുന്ന വ്യക്തികളെ പ്രോത്സാഹിപ്പിക്കുകയും ദൈവവിളിയോട് ക്രിയാത്മകമായി പ്രതികരിക്കാൻ സഹായി ക്കുകയും ചെയ്യുക നമ്മുടെ കടമയാണ്.

ദൈവം തന്റെ ജനത്തെ നയിക്കാനുള്ള ദൗത്യമേൽപ്പിക്കുന്നതിനായി വിളിക്കുന്നത് തനിക്ക് ഏറ്റവും ഇഷ്ടമുള്ളവരെയാണ്. "എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് നൽകും" (ജെറമിയാ 3:15) എന്ന് ദൈവം ഇസ്രായേൽ ജനത്തിന് നൽകുന്ന ഉറപ്പ് അപ്പസ്തോലന്മാരുടെ വിളിയിലും പ്രതിഫലിക്കുന്നുണ്ട്. മലമുകളിലേക്ക് കയറി 'തനിക്ക് ഇഷ്ടമുള്ളവരെയാണ്' ഈശോ അടുത്തേക്ക് വിളിക്കുന്നത് (മർക്കോസ് 3:13). ആ വിളിയുടെ അനന്യതയും ശ്രേഷ്ഠതയും തിരിച്ചറിഞ്ഞ് അവന്റെ സമീപത്തേക്ക് ചെന്ന ശിഷ്യന്മാരെപ്പോലെ തങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും തിരിച്ചറിയുന്നതിനും, ദൈവഹിതത്തിന് സ്വയം സമർപ്പിക്കുന്നതിനും യുവതലമുറയെ സഹായിക്കുകയെന്ന വലിയ ഉത്തരവാദിത്വം മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും, സമർപ്പിതർക്കും, വൈദികർക്കുമുണ്ട്. ബാലനായ സാമുവലിന് ദൈവവിളി മനസ്സിലാക്കി കൊടുത്ത് ആ വിളിക്ക് പ്രത്യുത്തരം നൽകാൻ അവനെ പ്രാപ്തനാക്കിയത് പുരോഹിതനായ ഏലിയുടെ മാർഗ്ഗനിർദ്ദേശമായിരുന്നു. അതുപോലെ, നമ്മുടെ കുട്ടികളിൽ ദൈവവിളിയോടും ദൈവികശുശ്രൂഷയോടുമുള്ള താത്പര്യവും ആഭിമുഖ്യവും വർദ്ധിപ്പിക്കുന്നതിനും, വിളി തിരഞ്ഞെടുക്കാൻ ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനും നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം.

ദൈവസ്നേഹം നിറഞ്ഞ് നിൽക്കുന്ന കുടുംബങ്ങളിൽ നിന്നാണ് നല്ല തലമുറ രൂപപ്പെടുന്നത്. നല്ല നിലത്ത് വീഴുന്ന വിത്ത് നൂറുമേനി ഫലം പുറപ്പെടുവിക്കുന്നത് പോലെ നല്ല കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി മാറുന്നു. ക്രിസ്തീയ വിശ്വാസത്തിലും, സഭാസ്നേഹത്തിലും, ജീവിതമൂല്യങ്ങളിലും അടിയുറച്ച കുടുംബങ്ങളിലാണ് ദൈവവിളി വേരോടുന്നത്. അതുകൊണ്ടാണ് ദൈവവിളിയുടെ ഈറ്റില്ലവും വിളനിലവുമെന്ന് കുടുംബങ്ങളെ വിശേഷിപ്പിക്കുന്നത്. 'ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ഈശോയെ വളർത്തിയ' പരിശുദ്ധ അമ്മയെപ്പോലെ നമ്മുടെ കുട്ടികൾക്ക് ദൈവവിളിയുടെ ആദ്യപാഠങ്ങൾ പകർന്ന് നൽകേണ്ടത് പ്രിയപ്പെട്ട അമ്മമാരാണ്. വി. യൗസേപ്പിതാവിനെപ്പോലെ നിശ്ശബ്ദതയിലും പ്രാർത്ഥനയിലും ദൈവസ്വരം തിരിച്ചറിയാനുള്ള മാതൃക കുട്ടികൾക്ക് നൽകേണ്ടത് പ്രിയപ്പെട്ട പിതാക്കന്മാരാണ്.

'തന്റെ ദൈവവിളിയെ സ്വാധീനിച്ച ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കുടുംബമായിരുന്നു'വെന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർ പാപ്പ വ്യക്തമാക്കുന്നുണ്ട്. വളരെ ചെറുപ്പത്തിൽത്തന്നെ അമ്മയെയും പിന്നീട് തന്റെ സഹോദരനെയും നഷ്ടപ്പെട്ട അദ്ദേഹത്തിനുണ്ടായിരുന്ന ഏക ആശ്രയം പിതാവായിരുന്നു. വളരെ നേരത്തെ ഉണർന്നെഴുന്നേറ്റ് മുട്ടുകുത്തി നിന്ന് പ്രാർത്ഥിക്കുന്ന പിതാവിന്റെ ചിത്രമാണ് തന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ മാതൃകയെന്ന് പാപ്പാ അനുസ്മരിക്കുന്നു. വീട്ടിലും, ഇടവക ദൈവാലയത്തിലും പ്രാർത്ഥനയുടെ മാതൃക പകർന്ന പിതാവ് തന്നെയായിരുന്നു തന്റെ പ്രഥമ സെമിനാരി എന്ന് മാർപാപ്പ എടുത്ത് പറയുന്നുണ്ട്. ജോൺപോൾ പാപ്പയെപ്പോലെ മാതാപിതാക്കളുടെ ജീവിതമാതൃകയും, വിശ്വാസത്തിന്റെ ആഴവും, ദൈവസ്നേഹത്തിലടിയുറച്ച പരിശീലനവും സ്വീകരിച്ച് വിശുദ്ധിയുടെ പടവുകൾ കയറിയ എത്രയോ വിശുദ്ധരുടെ മാതൃകകളാണ് നമുക്ക് മുമ്പിലുള്ളത്.

കുടുംബങ്ങളിൽ നിന്ന് ലഭിക്കുന്ന പരിശീലനത്തോടൊപ്പം, ദൈവവിളി തിരിച്ചറിയുന്നതിന് നമ്മെ സഹായിക്കുന്ന ഘടകങ്ങളാണ് ദൈവവിശ്വാസത്തിലും തിരുവചനത്തിലുമുള്ള ആഴപ്പെടലും, കൗദാശിക ജീവിതത്തിലുള്ള ഭാഗഭാഗിത്വവും. രണ്ട് വർഷമായി തുടരുന്ന കോവിഡ് കാലഘട്ടത്തിന്റെ ഫലമായി നമ്മുടെ കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള സമയം കൂടിയാണ് ഈ നോമ്പുകാലം. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ സൃഷ്ടിച്ച സാമൂഹിക അകലങ്ങൾ ഇല്ലാതാക്കി സ്നേഹത്തോടെയും പരസ്പര സഹകരണത്തോടെയുമുള്ള അന്തരീക്ഷം കുടുംബങ്ങളിൽ വർധിപ്പിച്ച് കൂട്ടായ്മയുടെ ഒരു സിനഡാത്മക ജീവിതശൈലി കുട്ടികൾക്ക് പകർന്ന് കൊടുക്കാൻ മാതാപിതാക്കൾക്ക് സാധിക്കണം. അങ്ങനെ തങ്ങളുടെ ജീവിതവഴി തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നൽകി അവരുടെ ദൈവവിളിയെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യാനും, പ്രതിസന്ധിഘട്ടങ്ങളിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കാനുമുള്ള കടമയും ഉത്തരവാദിത്വവും മാതാപിതാക്കൾക്കുണ്ടെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.


രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വൈദിക പരിശീലനം സംബന്ധിച്ചുള്ള ഡിക്രിയിൽ (Optatam totius) രണ്ടാം ഖണ്ഡികയിൽ ഇപ്രകാരം പഠിപ്പിക്കുന്നുണ്ട്. "ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ട കടമ ക്രൈസ്തവ സമൂഹം മുഴുവനിലും നിക്ഷിപ്തമായിരിക്കുന്നു. ഈ ഉത്തരവാദിത്വം നിർവഹിക്കേണ്ടത് പൂർണമായ ക്രിസ്തീയ ജീവിതം വഴിയാണ്. കുടുംബങ്ങളും ഇടവകകളും അധ്യാപകരും അല്മായരും വൈദികരും കത്തോലിക്കാ സംഘടനകളും പ്രധാനമായും അതിൽ സഹകരിക്കണം". ദൈവവിളിയുടെ പ്രോത്സാഹനം ഒരു കൂട്ടുത്തരവാദിത്വം ആണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വർഗ്ഗം ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന തീർത്ഥാടകസഭയിൽ വിശുദ്ധിയോടെ ദൈവജനത്തെ നയിക്കാനും, കാലഘട്ടത്തിന്റെ പ്രവാചകരാകാനും, സഹയാത്രികരായി ഒന്നിച്ച് മുന്നേറാനും തീക്ഷ്ണതയുള്ള വൈദികരെയും സന്യസ്തരെയും സഭയ്ക്ക് ഇന്ന് ആവശ്യമുണ്ട്. അതിനായി പൗരോഹിത്യ-സമർപ്പിത വിളിയോട് ആഭിമുഖ്യം തോന്നുന്നവരുടെ ദൈവവിളി ക്യാമ്പുകൾ ഈ വർഷം മെയ് 1,2,3 തീയതികളിലാണ് നടക്കുന്നത്. ആൺകുട്ടികൾക്ക് കോഴിക്കോടുള്ള START ലും പെൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി. യിലുമാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. എസ്.എസ്.എൽ.സി.യോ, പ്ലസ്ടുവോ, ഉന്നത കോഴ്സുകളോ പൂർത്തിയാക്കിയവരാണ് ക്യാമ്പിൽ സംബന്ധിക്കേണ്ടത്. പൗരോഹിത്യ സന്ന്യാസ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന എല്ലാ കുട്ടികളെയും ക്യാമ്പിന് പറഞ്ഞയക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ. നിരവധിയായ വെല്ലുവിളികൾ സഭ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവികശുശ്രൂഷ രക്തസാക്ഷിത്വം തന്നെയാണെന്ന ബോധ്യത്തോടെ ദൈവവിളി സ്വീകരിക്കാൻ പ്രിയപ്പെട്ട കുട്ടികളെ ഞാൻ ക്ഷണിക്കുന്നു.

ഈശോയോട് കൂടെയായിരിക്കാനും, സുവിശേഷത്തിന്റെ ശുശ്രൂഷകരാകാനും, രക്ഷാരഹസ്യങ്ങളിൽ പങ്കുചേരാനും നമ്മെ വിളിക്കുന്ന ദൈവത്തിന്റെ സ്വരത്തിന് നമുക്ക് കാതോർക്കാം. ദൈവവിളി സ്വീകരിക്കുന്നവരുടെ വിശ്വസ്തതയാണ് സഭയുടെയും ദൈവജനത്തിന്റെയും വളർച്ചയിൽ നിർണായകമായ പങ്കു വഹിക്കുന്നത്. വിളിച്ചവൻ വിശ്വസ്തനായിരിക്കുന്നത് പോലെ അവന്റെ വിളിയിൽ വിശ്വസ്തരായി ജീവിക്കാൻ നമ്മുടെ കുട്ടികളെ പരി

ശീലിപ്പിക്കുന്നതിന് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നമുക്ക് നൽകാം. ക്രിസ്തുവിനെപ്രതി നിന്ദനങ്ങളും പരിഹാസങ്ങളുമേൽക്കേണ്ടി വരുമ്പോൾ പൗലോസ് ശ്ലീഹയെ പോലെ "എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണെന്ന്" (ഫിലിപ്പി 1:21) പറയാനുള്ള ധൈര്യമാണ് പൗരോഹിത്യ-സന്യാസ ജീവിതങ്ങളുടെ കരുത്ത്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രചോദിതരായി, ദൈവവിളിയുടെ ശ്രേഷ്ഠത തിരിച്ചറിഞ്ഞ്, ലോകത്തിന്റെ നേട്ടങ്ങളെ നിസാരമായി കാണാനും, ക്രിസ്തുവിനെപ്രതി സകലവും നഷ്ടപ്പെടുത്താനും, സഹനങ്ങളെ സ്വന്തമാക്കാനും നിങ്ങൾക്ക് സാധിക്കട്ടെ. തക്ക സമയത്ത് ഉചിതമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാനുള്ള അനുഗ്രഹം ദൈവം നിങ്ങൾക്ക് നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഏവർക്കും നോമ്പുകാലത്തിന്റെ അനുഗ്രഹങ്ങളും ഈസ്റ്ററിന്റെ മംഗളങ്ങളും, പരീക്ഷകൾക്കൊരുങ്ങുന്ന എല്ലാ കുട്ടികൾക്കും വിജയാശംസകളും നേരുന്നു. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.


സ്നേഹപൂർവ്വം,



✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2022 എപ്രിൽ 24-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*



*സർക്കുലർ 08/2022*

# തുടർവിശ്വാസ പരിശീലനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

'വിശ്വാസം വഴി ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും, നിങ്ങൾ സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ വിശുദ്ധരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്കു ശക്തി ലഭിക്കട്ടെ' (എഫേസോസ് 3:17-18) എന്നാണല്ലോ പൗലോസ് അപ്പസ്തോലന്റെ ആശംസ.

യുവജനങ്ങളെ ക്രിസ്തു സ്നേഹത്തിന്റെ ആഴങ്ങളിലേക്ക് നയിച്ച് അവരെ സഭയോടും ക്രിസ്തുവിനോടും ചേർത്തു നിർത്തുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വിശ്വാസപരിശീലനം വഴിയാണ് ഒരാൾക്രിസ്തുവിനെ കൂടുതൽ അറിയുകയും ആ സ്നേഹത്തിൽ അടിയുറച്ച് വേരുപാകുകയും ചെയ്യുന്നത്. വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം തന്നെ ക്രിസ്തുവിനെയും അവിടുത്തെ സഭയെയും അറിയുക, ക്രിസ്തുവിൽ ജീവിക്കുക, സഭയെ സ്നേഹിച്ചുകൊണ്ട്ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്നുള്ളതാണല്ലോ. ഈശോമിശിഹായുടെ സ്നേഹം അനുഭവിച്ചറിഞ്ഞ പൗലോസ് അപ്പസ്തോലൻ ആ സ്നേഹത്തിൽ നിന്ന് ആർക്കും എന്നെ വേർപ്പെടുത്താൻ സാധിക്കുകയില്ല എന്ന് പ്രഖ്യാപിച്ചു. ദൈവസ്നേഹത്തിൽ നിന്ന് വേർപെടുത്താൻ കഴിയാത്തവിധം യുവജനങ്ങളെ ദൈവത്തോട് അടുപ്പിക്കുവാൻ വിശ്വാസത്തിൽ അവരെ കൂടുതൽ ആഴപ്പെടുത്തേണ്ടതുണ്ട്.

നമ്മുടെ രൂപതയിൽ ബൈബിൾ നഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെ എല്ലാവരുടെയും നിസ്വാർത്ഥമായ സഹകരണത്തോടെ ക്രമമായും, ചിട്ടയോടു കൂടിയതുമായ വിശ്വാസപരിശീലനം നൽകുന്നു. ഈ പരിശീലനം കുട്ടികളെ ക്രൈസ്തവ സംസ്കാരത്തിൽ വളരാൻ വളരെയധികം സഹായിക്കുന്നുണ്ട് എന്ന് നമുക്കറി യാമല്ലോ. കാലഘട്ടത്തിന്റെ വെല്ലുവിളികളും, പരിശീലനത്തിന്റെ ന്യൂനതകളും, കുട്ടികളുടെ വിശ്വാസരൂപീകരണത്തെ സ്വാധീനിക്കുന്നുണ്ടെങ്കിലും വിശ്വാസപരിശീലനം ജീവവായുപോലെ അവരുടെ ആത്മീയജീവിതത്തിന് ആവശ്യമാണ്. അതുകൊണ്ട്, വിശ്വാസത്തിലും,

സന്മാർഗത്തിലും യുവജനങ്ങൾക്ക് തുടർപരിശീലനം നൽകുക, ദൈവാലയത്തോടും ദൈവിക കാര്യങ്ങളോടും സഭയോടും അവരെ ചേർത്ത് നിർത്തുക, ഒരു ക്രൈസ്തവ സംസ്കാരം അവരിൽ വളർത്തി കാലഘട്ടത്തിന്റെ പ്രതിസന്ധികളെയും, വെല്ലുവിളികളെയും, അപകടങ്ങളെയും ക്രൈസ്തവോചിതമായി ഒരുമിച്ചു നേരിടാൻ അവരെ സജ്ജരാക്കുക, യുവജനങ്ങളെ കൂട്ടായ്മയിൽ ചേർത്ത് നിർത്തുക, അവരുടെ ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ സഹായിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടിയാണ് തുടർവിശ്വാസ പരിശീലനം നടത്തണ മെന്ന് 2021 ഡിസംബർ 16 ന് നടന്ന വൈദികസമിതി ശിപാർശ ചെയ്തത്.

അതനുസരിച്ച്, HCC II (Higher Course in Catechesis) പഠനം പൂർത്തിയാക്കിയ രൂപതയിലെ എല്ലാ യുവജനങ്ങൾക്കും ACC (Advanced Course in Catechesis) എന്ന പേരിൽ മൂന്നുവർഷം നീളുന്ന ഓൺലൈൻ തുടർവിശ്വാസപരിശീലന പരിപാടി നാം വിഭാവനം ചെയ്യുകയാണ്. പ്ലസ് ടു പഠനത്തിനുശേഷം വിവിധ കോഴ്സുകളിൽ ചേർന്നിരിക്കുന്ന യുവജനങ്ങൾ ഇടവകയിൽ ഇല്ലെങ്കിൽ പോലും മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ഒന്നിച്ചുകൂടുന്ന ഓൺലൈൻ വിശ്വാസപരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിക്കും. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ എല്ലാ യുവജനങ്ങളും ഓൺ ലൈനായി നടക്കുന്ന ഈ തുടർവിശ്വാസ പരിശീലനത്തിന് പേര് രജിസ്റ്റർ ചെയ്യണമെന്ന് ഞാൻ പ്രത്യേകമായി ഓർമിപ്പിക്കുന്നു.

പ്രാരംഭത്തിൽ താമരശ്ശേരി രൂപത വിശ്വാസപരിശീലനകേന്ദ്രം സർട്ടിഫിക്കറ്റ് നൽകുന്ന ഒരു കോഴ്സ് ആയി നാം ആരംഭിക്കുന്നുവെങ്കിലും പിന്നീട്, HCC കോഴ്സുപോലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻചെയറുമായി ചേർന്ന് യൂണിവേഴ്സിറ്റി അംഗീകാരവും സർട്ടിഫിക്കറ്റും നൽകുന്ന ഒരു വിശ്വാസപരിശീലനപരിപാടിയായി മാറ്റാനാണ് നാം പദ്ധതിയിടുന്നത്.

യുവജനങ്ങളുടെ ആത്മീയ വളർച്ചയെ ലക്ഷ്യംവച്ചുകൊണ്ട് നാം പദ്ധതിയിടുന്ന ഈ ഓൺലൈൻ തുടർ വിശ്വാസപരിശീലന പരിപാടി കൃത്യമായി നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും സമർപ്പിതരുടെയും ഹെഡ്മാസ്റ്റർമാരുടെയും വിശ്വാസപരിശീലകരുടെയും, മാതാപിതാക്കളുടെയും, യുവജനങ്ങളുടെയും, സഹകരണവും സമർപ്പണവും ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു. യുവജനങ്ങളെ ദൈവവചനത്തിന്റെ വഴിയേ നയിക്കാൻ സാധിക്കുന്ന സഭാസ്നേഹവും തീക്ഷ്ണതയുമുള്ള സമർപ്പിതരോ

അല്മായരോ ആയ ഒരധ്യാപകനെ പതിമൂന്നാം ക്ലാസ്സിലേക്ക് ഓരോ ഇടവകയിലും നിയമിക്കണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരോട് ഞാൻ പ്രത്യേകമായി ഓർമിപ്പിക്കുന്നു. ACC കോഴ്സുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും ക്രമീകരണങ്ങളും രൂപത മതബോധനകേന്ദ്രത്തിൽനിന്ന് നിങ്ങളെ അറിയിക്കുന്നതാണ്. ഈയൊരു സംരംഭത്തിന് എല്ലാവരുടെയും സഹകരണവും, സഹായവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2022 മെയ് 1-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



*St. Joseph, Pray for us*

*സർക്കുലർ*

# വൈദികരുടെയും പള്ളിജീവനക്കാരുടെയും വേതനം

ഈശോയിൽ പ്രിയമുള്ളവരേ,

വർദ്ധിച്ചുവരുന്ന ജീവിതച്ചിലവുകളും സാമ്പത്തിക സാഹചര്യങ്ങളും പരിഗണിച്ച് ബഹുമാനപ്പെട്ട വൈദികരുടെ അലവൻസും പള്ളിജീവനക്കാരുടെ വേതനവും പരിഷ്ക്കരിക്കാൻ അതിരൂപതാ തലത്തിൽ തീരുമാനിച്ചിരിക്കുകയാണ്. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ രൂപതാകച്ചേരി അംഗങ്ങൾ 2022 മാർച്ച് മാസം 7-ാം തിയതി തലശ്ശേരി ആർച്ച്ബിഷപ്സ് ഹൗസിൽ ഒന്നിച്ചുകൂടി ചർച്ച ചെയ്ത് നല്കിയ ശുപാർശകൾ മൂന്ന് രൂപതകളിലെയും രൂപതാദ്ധ്യക്ഷന്മാർ ചർച്ച ചെയ്ത് അംഗീകരിച്ചു. 2022 ഏപ്രിൽ മാസംമുതൽ പ്രാബല്യത്തിൽ വരത്തക്കവിധം താഴെപ്പറയുന്ന രീതിയിൽ അലവൻസും വേതനനിരക്കുകളും വർദ്ധിപ്പിക്കുന്നു.

1. **ബഹു. വൈദികരുടെ പ്രതിമാസ അലവൻസ്** 2022 ഏപ്രിൽ മാസം മുതൽ 14,000 രൂപയായി നിശ്ചയിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ 500 രൂപവീതം വർദ്ധനവുണ്ടാകുന്നതാണ്.

2. **ദൈവാലയ ശുശ്രൂഷികളുടെ വേതനം** താഴെപ്പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 125 രൂപയിൽനിന്ന് 150 രൂപയായി ഉയർത്തുന്നു.

### പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 1250 | 7250 | നിലവിലുള്ള ശമ്പളം + 1250 |
| B | 1000 | 6000 | നിലവിലുള്ള ശമ്പളം + 1000 |
| C | 750 | 4950 | നിലവിലുള്ള ശമ്പളം + 750 |
| D | 500 | 3750 | നിലവിലുള്ള ശമ്പളം + 500 |
| E | 400 | 2200 | നിലവിലുള്ള ശമ്പളം + 400 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽമാസം മുതൽ ദൈവാലയ

ശുശ്രൂഷിക്ക് നല്കേണ്ട മാസശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

**3. അക്കൗണ്ടന്റിന്റെ വേതനം :** താഴെ പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 75 രൂപയിൽനിന്ന് 100 രൂപയായി ഉയർത്തുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 700 | 4000 | നിലവിലുള്ള ശമ്പളം + 700 |
| B | 500 | 3200 | നിലവിലുള്ള ശമ്പളം + 500 |
| C | 400 | 2500 | നിലവിലുള്ള ശമ്പളം + 400 |
| D | 300 | 2100 | നിലവിലുള്ള ശമ്പളം + 300 |
| E | 250 | 1750 | നിലവിലുള്ള ശമ്പളം + 250 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽമാസം മുതൽ അക്കൗണ്ടന്റിന് നല്കേണ്ട മാസശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

**4. 13-ാം മാസ ശമ്പളം :** ദൈവാലയ ശുശ്രൂഷികൾക്കും പാരീഷ് അക്കൗണ്ടന്റിനും റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതിനുവേണ്ടി അവരുടെ ഒരു മാസത്തെ വേതനത്തിനു തുല്യമായ തുക (13-ാം മാസ ശമ്പളം) അവരുടെയും വികാരിയച്ചന്റെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കണം. 13-ാം മാസശമ്പളം നിർബന്ധമായും ബാങ്ക് അക്കൗണ്ടിൽതന്നെ നിക്ഷേപിക്കണം. ഏതെങ്കിലും അടിയന്തിര ആവശ്യത്തിന് ജീവനക്കാർ ഇതിൽനിന്ന് ലോൺ എടുത്താൽ പണം കൈപ്പറ്റിയെന്ന രേഖ എഴുതി വാങ്ങി സൂക്ഷിക്കണം.

**5. പടിസാധനം (തിരുക്കർമ്മങ്ങളുടെ നിരക്ക്) :** ഗ്രിഗോരിയൻ കുർബ്ബാനയുടെ നിരക്ക് 6000 രൂപയായിരുന്നത് 7500 രൂപയായി പുതുക്കി നിശ്ചയിക്കുന്നു. മറ്റ് തിരുക്കർമ്മങ്ങൾക്കെല്ലാം 2017 മാർച്ച് മാസത്തിലെ രൂപതാ ബുള്ളറ്റിനിൽപ്രസിദ്ധീകരിച്ചിരിക്കുന്ന നിരക്ക് തുടരുന്നതാണ്.

**6. വിവാഹനിയമങ്ങൾ :** കൊവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഒത്തുകല്യാണങ്ങൾ ഒഴിവാക്കി വിവാഹം നടത്താനുള്ള അനുവാദങ്ങൾ നല്കിയിരുന്നത് ഇനിമുതൽ പ്രോത്സാഹിപ്പിക്കേണ്ടതില്ല. എന്നാൽ തക്കതായ കാരണങ്ങൾ ഉള്ളപ്പോൾ ഒത്തുകല്യാണങ്ങൾ ഒഴിവാക്കാം. എന്നാൽ വിവാഹപരസ്യം ഒഴിവാക്കരുത്.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത



*St. Joseph, Pray for us*

# Pope Francis' Act of Consecration of Russia and Ukraine to Our Lady on 2022 March 25 Friday

O Mary, Mother of God and our Mother, in this time of trial we turn to you. As our Mother, you love us and know us: no concern of our hearts is hidden from you. Mother of mercy, how often we have experienced your watchful care and your peaceful presence! You never cease to guide us to Jesus, the Prince of Peace.

Yet we have strayed from that path of peace. We have forgotten the lesson learned from the tragedies of the last century, the sacrifice of the millions who fell in two world wars. We have disregarded the commitments we made as a community of nations. We have betrayed peoples' dreams of peace and the hopes of the young. We grew sick with greed, we thought only of our own nations and their interests, we grew indifferent and caught up in our selfish needs and concerns. We chose to ignore God, to be satisfied with our illusions, to grow arrogant and aggressive, to suppress innocent lives and to stockpile weapons. We stopped being our neighbour's keepers and stewards of our common home. We have ravaged the garden of the earth with war and by our sins we have broken the heart of our heavenly Father, who desires us to be brothers and sisters. We grew indifferent to everyone and everything except ourselves. Now with shame we cry out: Forgive us, Lord!

Holy Mother, amid the misery of our sinfulness, amid our struggles and weaknesses, amid the mystery of iniquity that is evil and war, you remind us that God never abandons us, but continues to look upon us with love, ever ready to forgive us and raise us up to new life. He has given you to us and made your Immaculate Heart a refuge for the Church and for all humanity. By God's gracious will, you are ever with us; even in the most troubled moments of our history, you are there to guide us with tender love.

We now turn to you and knock at the door of your heart. We are your

beloved children. In every age you make yourself known to us, calling us to conversion. At this dark hour, help us and grant us your comfort. Say to us once more: "Am I not here, I who am your Mother?" You are able to untie the knots of our hearts and of our times. In you we place our trust. We are confident that, especially in moments of trial, you will not be deaf to our supplication and will come to our aid.

That is what you did at Cana in Galilee, when you interceded with Jesus and he worked the first of his signs. To preserve the joy of the wedding feast, you said to him: "They have no wine" (Jn 2:3). Now, O Mother, repeat those words and that prayer, for in our own day we have run out of the wine of hope, joy has fled, fraternity has faded. We have forgotten our humanity and squandered the gift of peace. We opened our hearts to violence and destructiveness. How greatly we need your maternal help!

Therefore, O Mother, hear our prayer.

Star of the Sea, do not let us be shipwrecked in the tempest of war.

Ark of the New Covenant, inspire projects and paths of reconciliation.

Queen of Heaven, restore God's peace to the world.

Eliminate hatred and the thirst for revenge, and teach us forgiveness.

Free us from war, protect our world from the menace of nuclear weapons.

Queen of the Rosary, make us realize our need to pray and to love.

Queen of the Human Family, show people the path of fraternity.

Queen of Peace, obtain peace for our world.

O Mother, may your sorrowful plea stir our hardened hearts. May the tears you shed for us make this valley parched by our hatred blossom anew. Amid the thunder of weapons, may your prayer turn our thoughts to peace. May your maternal touch soothe those who suffer and flee from the rain of bombs. May

your motherly embrace comfort those forced to leave their homes and their native land. May your Sorrowful Heart move us to compassion and inspire us to open our doors and to care for our brothers and sisters who are injured and cast aside.

Holy Mother of God, as you stood beneath the cross, Jesus, seeing the disciple at your side, said: "Behold your son" (Jn 19:26). In this way he entrusted each of us to you. To the disciple, and to each of us, he said: "Behold, your Mother" (v. 27). Mother Mary, we now desire to welcome you into our lives and our history. At this hour, a weary and distraught humanity stands with you beneath the cross, needing to entrust itself to you and, through you, to consecrate itself to Christ. The people of Ukraine and Russia, who venerate you with great love, now turn to you, even as your heart beats with compassion for them and for all those peoples decimated by war, hunger, injustice and poverty.

Therefore, Mother of God and our Mother, to your Immaculate Heart we solemnly entrust and consecrate ourselves, the Church and all humanity, especially Russia and Ukraine. Accept this act that we carry out with confidence and love. Grant that war may end and peace spread throughout the world. The "Fiat" that arose from your heart opened the doors of history to the Prince of Peace. We trust that, through your heart, peace will dawn once more. To you we consecrate the future of the whole human family, the needs and expectations of every people, the anxieties and hopes of the world.

Through your intercession, may God's mercy be poured out on the earth and the gentle rhythm of peace return to mark our days. Our Lady of the "Fiat", on whom the Holy Spirit descended, restore among us the harmony that comes from God. May you, our "living fountain of hope", water the dryness of our hearts. In your womb Jesus took flesh; help us to foster the growth of communion. You once trod the streets of our world; lead us now on the paths of peace. Amen.

# കച്ചേരിക്കാര്യം

## 1. നിയമനങ്ങൾ

ഫാ. ജെയിംസ് കുഴിമറ്റത്തിൽ - വിയന്ന, ഓസ്ട്രിയ

ഫാ. ഡൊമിനിക് കുഴിവേലിൽ - പ്രീസ്റ്റ് ഇൻചാർജ്ജ്, അശോകപുരം

## 2. മെത്രാഭിഷേകദിനം

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം എപ്രിൽ 8-ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 12 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുകയും പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ഏറ്റെടുത്തിരിക്കുന്ന ഇടയധർമ്മം ദൈവഹിതപ്രകാരം തുടർന്നും നിർവ്വഹിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഇടവകജനങ്ങളെ ഇക്കാര്യം അറിയിക്കുകയും അന്നേദിവസം പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

## 3. കുളത്തുവയൽ തീർത്ഥാടനം

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കുളത്തുവയൽ തീർത്ഥാടനം നാൽപ്പതാം വെള്ളിയാഴ്ചയായ ഏപ്രിൽ 8-ാം തീയതിയാണ്. 2022 ഏപ്രിൽ 7 വ്യാഴാഴ്ച രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന തീർത്ഥാടനം താമരശ്ശേരി രൂപതയുടെ കുടിയേറ്റ തീർത്ഥാടനകേന്ദ്രമായ കുളത്തുവയൽ സെന്റ് ജോർജ് തീർത്ഥാടന കേന്ദ്രത്തിൽ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിയോടെ എത്തിച്ചേരുന്നു. തുടർന്ന് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുന്നത് തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവാണ്. പങ്കെടുക്കുന്നവർക്ക് നേർച്ചഭക്ഷണവും തിരിച്ച് പോകുന്നതിന് പ്രധാനകേന്ദ്രങ്ങളിലേക്ക് ബസ്സ് സർവ്വീസും ക്രമീകരിച്ചിട്ടുണ്ട്. സാധിക്കുന്നിടത്തോളം എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

## 4. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

2022 ഏപ്രിൽ 11 തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും നടത്തു

ന്നതാണ്. രാവിലെ 10 മണിക്ക് മാസധ്യാനം ആരംഭിക്കുന്നു. കുമ്പസാരത്തിനുള്ള അവസരം ക്രമീകരിക്കുന്നതാണ്. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമ്മവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമ്മങ്ങൾക്കുശേഷം ഉച്ചഭക്ഷണം രൂപതാഭവനിൽ. ഇടവകകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭിഷേക തൈലവും രൂപതാഭവനിൽ നിന്നാണ് നൽകുന്നത്. തിരുക്കർമ്മങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

## 5. ദുഃഖവെള്ളി പിരിവ്

ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കുന്നതി നാൽ, എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## 6. സ്ഥാനാരോഹണ ചടങ്ങ് - മാർ ജോസഫ് പാംപ്ലാനി

2022 ഏപ്രിൽ 20 ന് തലശ്ശേരി അതിരൂപതയുടെ ആർച്ച്ബിഷപ്പായി സ്ഥാനാരോഹണം ചെയ്യുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് താമരശ്ശേരി രൂപതാകുടുംബത്തിന്റെ പ്രാർത്ഥന നിർഭരമായ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു. തലശ്ശേരി കത്തീഡ്രൽ അങ്കണത്തിൽ രാവിലെ 9 മണിക്ക് നടക്കുന്ന പ്രസ്തുത ചടങ്ങിലേക്ക് നമ്മുടെ രൂപതയിലെ എല്ലാ വൈദികരെയും പ്രത്യേകമായി ക്ഷണിച്ചിട്ടുണ്ട്. പങ്കെടുക്കുന്നവർ ഏപ്രിൽ 15 ന് മുമ്പായി വിവരം ബഹു. ചാൻസിലറച്ചനെ അറിയിക്കേണ്ടതാണ്.

സ്തുത്യർഹമായ ഇടയധർമ്മ നിർവഹണത്തിനുശേഷം വിശ്രമ ജീവിതത്തിലേക്ക് കടക്കുന്ന **അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവിന്** താമരശ്ശേരി രൂപതാകുടുംബത്തിന്റെ ഹൃദയനിറഞ്ഞ നന്ദിയുടെ പൂച്ചെണ്ടുകൾ നേരുന്നു.

## 7. രൂപതാദിനം 2022

2022 ഏപ്രിൽ 28-ാം തീയതി നമ്മുടെ രൂപതാസ്ഥാപനദിനമാണല്ലോ. അന്നേദിവസം പള്ളികളിൽ രൂപതാദിനം ആചരിക്കുകയും വി. കുർബാനയർപ്പിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പങ്കാളിത്ത ത്തോടെ അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ രാവിലെ 10.30ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് കൃതജ്ഞതാ ബലിയർപ്പിക്കുന്നതാണ്. തുടർന്ന് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളെ ആദരിക്കുന്നതാണ്. ഉച്ചകഴിഞ്ഞ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് വൈകുന്നേരം 4.30 വരെ സെമിനാർ നടത്തപ്പെടുന്നു. ഇടവകയിൽ

ആദരിക്കപ്പെടേണ്ട വ്യക്തികൾ ഉണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ അവരുടെ പേരുകൾ ഏപ്രിൽ 10 ന് മുമ്പായി ബഹു. ചാൻസിലറ ച്ചനെ അറിയിക്കേണ്ടതാണ്.

**8. മാർ ജോസഫ് പാംബ്ലാനി മെത്രാപ്പോലിത്തായ്ക്ക് സ്വീകരണം**

2022 ഏപ്രിൽ 20 ന് തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി ചുമതലയേൽക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവിന് ഏപ്രിൽ 28-ാം തീയതി രൂപതാദിനത്തോടനുബന്ധിച്ച് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ സ്വീകരണം നൽകുന്നതാണ്. രൂപതയിലെ ബഹു. വൈദികർ പ്രസ്തുത ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്.

**9. യേശുനിധി**

യേശുനിധിയ്ക്ക് സമാഹരിച്ച തുകകൾ എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണം. മെയ് മാസം മുതൽ പുതിയ അപേക്ഷകൾ യേശുനിധിയിലേക്ക് സ്വീകരിക്കുന്നതാണ്. അപേക്ഷ കൾ സമർപ്പിക്കുമ്പോൾ അവരുടെ അക്കൗണ്ട് നമ്പറും പാസ് ബുക്കിന്റെ കോപ്പിയും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**10. വൈദികരുടെ സ്ഥലമാറ്റം**

രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം 2022 മെയ് 15 ശനിയാഴ്ചയാണ്.

**11. വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം 2022 ജൂലൈ 3 മുതൽ 8 വരെയും ജൂലൈ 10 മുതൽ 15 വരെയും രണ്ടു ബാച്ചുകളി ലായി പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്ത പ്പെടുന്നു. ജൂലൈ മാസത്തിലെ പരിപാടികൾ അതിനനുസരിച്ച് ക്രമീകരിക്കുമല്ലോ. ലിസ്റ്റ് താമരമൊട്ടുകളിൽ പ്രസിദ്ധീകരിക്കു ന്നതാണ്.

**12. രൂപതാവിഹിതം (7.5%)**

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കേണ്ടതാണ്. രൂപതാവിഹിതം ഫൊറോനകേന്ദ്രങ്ങളിൽ വച്ച് താഴെപ്പറയുന്ന തീയതികളിൽ സ്വീകരിക്കുന്നതാണ്.

| | | | | |
|---|---|---|---|---|
| ഏപ്രിൽ 21 | - | 10 മണി | - | തോട്ടുമുക്കം, |
| | | 3 മണി | - | കരുവാരകുണ്ട് |
| ഏപ്രിൽ 22 | - | 10 മണി | - | പെരിന്തൽമണ്ണ |
| | | 3 മണി | - | മലപ്പുറം |
| ഏപ്രിൽ 25 | - | 10 മണി | - | മരുതോങ്കര, വിലങ്ങാട് |

| | | | | |
|---|---|---|---|---|
| ഏപ്രിൽ 26 | - | 3 മണി | - | പാറോപ്പടി |
| ഏപ്രിൽ 27 | - | 10 മണി | - | തിരുവമ്പാടി |
| | | 3 മണി | - | കോടഞ്ചേരി |
| ഏപ്രിൽ 29 | - | 10 മണി | - | കൂരാച്ചുണ്ട് |
| | | 3 മണി | - | താമരശ്ശേരി |

## 13. പൊതുയോഗം & കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്

2022 ഏപ്രിൽ മാസത്തിൽ നിയമപരമായി പൊതുയോഗം വിളിച്ചുകൂട്ടി ആണ്ടുതിരട്ട് പാസാക്കുകയും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരിൽ ഒരാൾ 25 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ നിന്നും ആയിരിക്കുന്നത് അഭികാമ്യമാണ്. പുതിയ കൈക്കാരന്മാർ മെയ് 8-ാം തീയതി വി. കുർബാനമദ്ധ്യേ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏൽക്കേണ്ടതാണ്.

## 14. ഇടവകയുടെ കണക്കുകൾ

2022-23 സാമ്പത്തിക വർഷം മുതൽ ഇടവകയുടെ കണക്കുകൾ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചെയ്യുന്നതിനാൽ കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്ന് സോഫ്റ്റ്‌വെയർ വഴി എടുക്കാവുന്നതാണ്. അതുകൊണ്ട് രൂപതയിലേക്ക് കണക്കുകൾ പോസ്റ്റൽ വഴി അയയ്ക്കേണ്ടതില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്.

## 15. ദൈവവിളി ക്യാമ്പ്

രൂപതയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി.യും പ്ലസ്ടുവും കഴിഞ്ഞ കുട്ടികൾക്കായി നടത്തുന്ന ദൈവവിളി ക്യാമ്പ് ഈ വർഷം 2022 മെയ് 1-ാം തീയതി മുതൽ 3-ാം തീയതി വരെയാണ്. ആൺകുട്ടികൾക്ക് കോഴിക്കോടുള്ള START ലും പെൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി. യിലും വെച്ചാണ് ക്യാമ്പുകൾ നടക്കുന്നത്. 1-ാം തീയതി 10.30 ന് രജിസ്ട്രേഷൻ ആരംഭിച്ച് മൂന്നാം തീയതി ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള കുട്ടികളെ ബഹു. വികാരിയച്ചന്മാർ പറഞ്ഞയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 16. പുതുക്കിയ അലവൻസ് - ഏപ്രിൽ മാസം മുതൽ

പേജ് നമ്പർ 255 ൽ പറഞ്ഞപ്രകാരം പുതുക്കിയ അലവൻസ് 2022 ഏപ്രിൽ മാസം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

## 17. ആദരഞ്ജലികൾ

ബഹു. വിൽസൺ മുട്ടത്തുകുന്നേലച്ചന്റെ മാതാവ് **ത്രേസ്യാമ്മ മാത്യു മുട്ടത്തുകുന്നേൽ (98)** 2022 മാർച്ച് 2 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ചക്കിട്ടപാറ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ

റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. വിൽസനച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്യുന്നു.പ്രേഷിതാരാം സന്യസിനി സമൂഹാംഗവും താമരശ്ശേരി അൽഫോൻസ പ്രസ്സിൽ സേവനം ചെയ്തുകൊണ്ടിരുന്ന സി. ലിൻസി സി.പി.എസ്. (60) 2022 മാർച്ച് 2 ന് തന്റെ നാഥന്റെ പക്കലേക്ക് വിളിക്കപ്പെട്ടു. 9-ാം തീയതി കാലടി പ്രേഷിതാരാം സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സമൂഹാംഗങ്ങളോട് രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മാശാന്തിക്കുവേണ്ടി പ്രാർത്ഥി ക്കുന്നു.

**17. സ്മരണാഞ്ജലി**

| | | |
|---|---|---|
| 02-04-1990 | - | റവ. ഫാ. സേവ്യർ കണിയാന്തറ |
| **04-04-2006** | **-** | **മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 10-04-1977 | - | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ |
| 20-04-1972 | - | റവ. ഫാ. മാത്യു പാലമറ്റം |
| **20-04-2012** | **-** | **മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 29-04-1997 | - | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ |
| 29-04-1968 | - | റവ. ഫാ. ജോർജ് പുനക്കാട്ട് |
| 29-04-1999 | - | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# വിശ്വാസപരിശീലനം

"സഹോദരരേ, ശരീരത്തിനോ രക്തത്തിനോ ദൈവരാജ്യം അവകാശപ്പെടുത്തുക സാധ്യമല്ലെന്നും നശ്വരമായത് അനശ്വരമായതിനെ അവകാശപ്പെടുത്തുകയില്ലെന്നും ഞാൻ പറയുന്നു." (1 കോറിന്തോസ് 15:50)

## HCC യൂണിവേഴ്സിറ്റി പരീക്ഷ റാങ്ക് ജേതാക്കൾ

2022 ജനുവരി 26 ന് നടന്ന HCC യൂണിവേഴ്സിറ്റി +1 + 2 പരീക്ഷകളുടെ ഫലപ്രഖ്യാപനം നടത്തുകയും 1, 2, 3 റാങ്കുകൾ നേടിയവരെ അഭിനന്ദിക്കുകയും ചെയ്തു.

## HCC +1 റാങ്ക് ജേതാക്കൾ

Ist - Lis Mary Vincent Pazhoor, Koodaranji

II$^{nd}$ - Jefrin Sebastian Thundathil , Pullurampara

III$^{rd}$ - Saniya Thomas Kochupurackal, Cheerattamala

## HCC +2 1, 2, 3 റാങ്കുകൾ നേടിയവർ

Ist - Melby Varghese Chembukandathil , Cheerattamala

II$^{nd}$ - Rosmin P Pulickaparambil, Panampilavu

III$^{rd}$- Jeeva Jose Marappillil, Pullurampara

റാങ്ക് ജേതാക്കളായ വിദ്യാർഥികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു . അതോടൊപ്പം അവരെ സഹായിച്ച ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കന്മാർക്കും പ്രത്യേകം നന്ദി പറയുന്നു.

## റാങ്ക് ജേതാക്കളുമായി അഭിമുഖം

HCC യൂണിവേഴ്സിറ്റി പരീക്ഷകളിൽ പ്ലസ് വൺ പ്ലസ് ടു വിഭാഗങ്ങളിൽ 1,2,3 റാങ്ക് നേടിയ കുട്ടികളുമായി വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ അഭിമുഖം നടത്തുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു. കുട്ടികളുമായി അഭിമുഖം നടത്തിയ അലീന ചെട്ടിപ്പറമ്പിലിനും, ക്യാമറ എടുത്ത് സഹായിച്ച അമൽ ചെട്ടിപ്പറമ്പിലിനും പ്രത്യേകമായി നന്ദി പറയുന്നു

## HCC യൂണിവേഴ്സിറ്റി സെ എക്സാം

2022 മാർച്ച് 6 ഞായർ രാവിലെ 10 മുതൽ 12 വരെ വിവിധ മേഖല കേന്ദ്രങ്ങളിൽ വെച്ച് HCC യൂണിവേഴ്സിറ്റി സെ എക്സാം നടന്നു. മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടന്ന സെ എക്സാമിന് മേഖല പ്രസിഡണ്ടുമാർ നേതൃത്വം നൽകുകയും പരീക്ഷയുടെ ദിവസം തന്നെ പേപ്പർ വാലുവേഷൻ നടത്തി സ്കോർ ഷീ

റ്റ് രൂപതാ മതബോധന ഓഫീസിൽ എത്തിക്കുകയും ചെയ്തു.

## പത്താംക്ലാസിലെ എഴുത്തുപരീക്ഷ

STD 10 ന്റെ വാർഷിക പരീക്ഷ 2022 ഫെബ്രുവരി 27 ഞായറാഴ്ച വിവിധ ഇടവകകളിൽ നടന്നു. പത്താം ക്ലാസിന്റെ ചോദ്യപേപ്പർ രൂപതയിൽ നിന്ന് പ്രിന്റ് ചെയ്ത് നൽകി. കുട്ടികളെ വിളിച്ചു വരുത്തി എഴുത്ത് പരീക്ഷയായി വിവിധ പള്ളിയിൽ പരീക്ഷകൾ നടന്നു.

## STD 1 മുതൽ 9 വരെയുള്ള ക്ലാസുകളുടെ വാർഷിക പരീക്ഷകൾ

2022 മാർച്ച് 13 ഞായർ ഒന്നു മുതൽ ഒൻപത് വരെയുള്ള ക്ലാസ്സുകളുടെ വാർഷികപരീക്ഷ നടന്നു.

4-9 ക്ലാസ്സുകളുടെ ചോദ്യപേപ്പറുകൾ രൂപതയിൽ നിന്ന് PDF ആയി അയച്ചു നൽകി. ഓൺലൈൻ ആയിട്ടാണ് പരീക്ഷ നടന്നത്. 4, 5, 6 ക്ലാസ്സുകൾക്ക് 10 മുതൽ 12 വരെയും, 7, 8, 9 ക്ലാസ്സുകൾക്ക് 2 മുതൽ 4 വരെയും ആയിരുന്നു പരീക്ഷ.

ചോദ്യപേപ്പർ പ്രിന്റ് എടുത്ത് എഴുത്ത് പരീക്ഷ നടത്തുന്ന ഇടവകകൾക്ക് ചോദ്യപേപ്പർ തലേ ദിവസമേ അയച്ചു നൽകയിരുന്നു.

1,2,3 ക്ലാസ്സുകളിലെ ചോദ്യ പരീക്ഷയ്ക്ക് സഹായകമായ ഒരു ചോദ്യാവലി അധ്യാപകർക്ക് രൂപതയിൽ നിന്ന് PDF ആയി അയച്ചു നൽകി.

## ഫാക്കൽറ്റി മെമ്പേഴ്സ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ HCC (Higher Cource in Catechesis) ന്റെ Programme Details ഒരുക്കുന്നതിന്റെ ഭാഗമായി, HCC കോഴ്സുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ യൂണിവേഴ്സിറ്റി ആവശ്യപ്പെടുകയുണ്ടായി. യൂണിവേഴ്സിറ്റിയുടെ നിർദേശം അനുസരിച്ചു HCC +1,+2 കോഴ്സ് നടത്തുന്ന നാം 10 ഫാക്കൽറ്റി മെമ്പേഴ്സിന്റെ പേര് യൂണിവേഴ്സിറ്റിക്ക് നൽകണമെന്ന് ആവശ്യപ്പെട്ട പ്രകാരം PG കഴിഞ്ഞ HCC +1, +2 കോഴ്സ് എടുക്കുന്ന 10 അധ്യാപകരുടെ പേരു വിവരങ്ങൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചു.

## ഷോർട്ട് ഫിലിം മത്സരം

താമരശ്ശേരി രൂപതാ വിശ്വാസപരിശീലന കേന്ദ്രം ഒരുക്കിയ ഷോർട്ട് ഫിലിം മത്സരത്തിന് SUBMISSION 2022 മാർച്ച് 19 ന് ആയിരുന്നു. ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

## കൗമാര ലൈംഗിക വിദ്യാഭ്യാസം (Catechesis on human sexuality)

പെരിന്തൽമണ്ണ മേഖലയിലെ എല്ലാ ഇടവകകളിലെയും 8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് ഒരു ബോധവൽക്കരണ സെമിനാർ 2022 മാർച്ച്

20 ഞായർ 10 മുതൽ 1 വരെ പെരിന്തൽമണ്ണ സെന്റ് അൽഫോൻസാ ഫൊറോന പള്ളിയിൽ വെച്ച് വിശ്വാസപരിശീലനത്തിന്റെ നേതൃത്വത്തിൽ നടന്നു.

വിഷയം: കൗമാര ലൈംഗിക വിദ്യാഭ്യാസം (Catechesis on human sexuality) ക്ലാസ്സ് എടുത്തത് : Dr. Abraham Jacob.

**കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി അവധിക്കാലത്ത് വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന ധ്യാന പ്രോഗ്രാമുകൾ**

1. ബഥാനിയ പുല്ലൂരാംപാറ (Mob No. 9539535364, 9539884280)
   കുട്ടികൾ 4,5,6 മെയ് 1 4 വരെ
   കുട്ടികൾ 7,8,9 മെയ് 17 20
2. NRC കുളത്തുവയൽ (Mob No. 9746250427, 9656929441)
   യുവജന ധ്യാനം : ഏപ്രിൽ : 24 29
3. ഗദ്സമെനി ധ്യാനകേന്ദ്രം, കോഴിക്കോട് (Mob No. 0495, 2371206, 8547527653)
   യുവജനധ്യാനം : മാർച്ച് 24 27
4. സെന്റ് മേരിസ് റിട്രീറ്റ് സെന്റർ ചാത്തൻകോട്ടുനട (Mob No. 9562560409, 9961972671)
   ക്രിസ്റ്റീൻ ധ്യാനം : മെയ് 1-5 (7-12 ക്ലാസ്സുവരെയുള്ള കുട്ടികൾക്ക്)

**യേശു അനുഭവ ഏകദിനധ്യാനം**

വിശ്വാസപരിശീലന കേന്ദ്രം താമരശ്ശേരി രൂപത വിശ്വാസപരിശീലകർക്കായി ഒരുക്കുന്ന യേശു അനുഭവ ഏകദിനധ്യാനം 2022 മെയ് മാസത്തിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് ക്രമീകരിക്കുന്നു.

*ധ്യാനം നടക്കുന്ന ദിവസങ്ങൾ*

1. 2022 മെയ് 13 വെള്ളി, 9 മുതൽ 4.30 വരെ മരുതോങ്കര ഫൊറോനാ പള്ളിയിൽ (കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട് മേഖലയിലെ അധ്യാപകർ)
2. 2022 മെയ് 17 ചൊവ്വ , 9 മുതൽ 4.30 വരെ പെരിന്തൽമണ്ണ ഫൊറോന പള്ളിയിൽ (പെരിന്തൽമണ്ണ, മലപ്പുറം, കരുവാരകുണ്ട് മേഖലയിലെ അധ്യാപകർ)
3. 2022 മെയ് 18 ബുധൻ, 9 മുതൽ 4.30 വരെ താമരശ്ശേരി മേരിമാതാ കത്തീഡ്രൽ പള്ളിയിൽ (താമരശ്ശേരി, കോടഞ്ചേരി മേഖലയിലെ അധ്യാപകർ)
4. 2022 മെയ് 20 വെള്ളി, 9 മുതൽ 4.30 വരെ തിരുവമ്പാടി ഫൊറോന പള്ളിയിൽ (തിരുവമ്പാടി മേഖലയിലെ അധ്യാപകർ)
5. 2022 മെയ് 26 വ്യാഴം, 9 മുതൽ 4.30 വരെ ഈസ്റ്റ്ഹിൽ ഫാത്തിമ മാതാ പള്ളിയിൽ (പാറോപ്പടി മേഖലയിലെ അധ്യാപകർ)
6. 2022 മെയ് 27 വെള്ളി, 9 മുതൽ 4.30 വരെ തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന പള്ളിയിൽ (തോട്ടുമുക്കം മേഖലയിലെ അധ്യാപകർ)

### ആദരവ് 2022

2021 – 2022 അദ്ധ്യയന വർഷത്തിൽ TV ചാനലുകൾ വഴി വിശ്വാസപരിശീലന ഓൺലൈൻ ക്ലാസുകൾ എടുത്ത വിവിധ രൂപതകളിലെ അധ്യാപകരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് സീറോമലബാർ കാറ്റകെറ്റിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ മെമെന്റോയും, സർട്ടിഫിക്കറ്റും നൽകി ആദരിച്ചു. ചടങ്ങിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി അധ്യക്ഷനായിരുന്നു

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

## ചെറുപുഷ്പ മിഷൻലീഗ്

### താബോർ – നോമ്പ് ഒരുക്ക ധ്യാനം

ഫെബ്രുവരി 28 മുതൽ മാർച്ച് 2 വരെ ശാഖ ഭാരവാഹികൾക്ക് വേണ്ടി ഗൂഗിൾ മീറ്റ് വഴി 3 ദിവസത്തെ നോമ്പ് ഒരുക്ക ധ്യാനം സംഘടിപ്പിക്കപ്പെട്ടു. ശ്രീ. അരുൺ വാട്ടപ്പള്ളി ധ്യാനം നയിച്ചു.

### പുലരിപ്പൂക്കൾ – നവവൈദിക സംഗമം

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ വർഷത്തെ നവവൈദികരെ ആദരിക്കുന്നതിനായി മാർച്ച് 6ന് ഓൺ ലൈൻ വഴി സംഘടിപ്പിക്കപ്പെട്ട പുലരിപ്പൂക്കൾ പ്രോഗ്രാമിൽ താമരശ്ശേരി രൂപതയിലെ നവവൈദികനായ ഫാ. ജസ്വിൻ തുറവയ്ക്കൽ മിഷൻ ലീഗിലെ അനുഭവം പങ്കുവെച്ചു.

### സിനഡാലിറ്റി ചർച്ച

രൂപതാ തലത്തിൽ സംഘടനകൾക്ക് നൽകപ്പെട്ട ചോദ്യാവലി യെക്കുറിച്ചുള്ള പ്രത്യേക ചർച്ച സംഘടിപ്പിക്കുകയും വിവിധ ആശയങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞവ ക്രോഡീകരിച്ച് ഫെബ്രുവരി 28 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

### എക്സിക്യൂട്ടീവ് മീറ്റിംഗ്

മാർച്ച് 12 ന് രൂപത ഓഫീസിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുകയും ഏപ്രിൽ മാസത്തെ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

### മികച്ച രൂപത, മേഖല, ശാഖ

2020 – 2021 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് സംസ്ഥാന സമിതി പ്രഖ്യാപിച്ചു. രൂപതാ തലത്തിൽ താമരശ്ശേരി രൂപതയും,

മേഖലാ തലത്തിൽ പെരിന്തൽമണ്ണ, താമരശ്ശേരി മേഖലകളും ശാഖാ തലത്തിൽ കട്ടിപ്പാറ, മരിയാപുരം, തേക്കുംകുറ്റി ശാഖകളും സമ്മാനാർഹരായി.

**പ്രേഷിതക്കൂട്ടം**

മേഖലാ ഭാരവാഹികൾക്കുവേണ്ടി മാർച്ച് 20 ന് ഞായറാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ താമരശ്ശേരി രൂപതാ ഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. രാവിലെ 9.30 ന് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ഈ നേതൃത്വ പരിശീലന സെമിനാറിൽ CML മാനന്തവാടി രൂപത പ്രസിഡണ്ടും മലബാർ റീജിയണൽ ഓർഗനൈസറുമായശ്രീ. രഞ്ജിത്ത് മുതുകാട്ടിൽ, രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. സിനീഷ് എന്നിവർ ക്ലാസ്സെടുത്തു.

**വിശുദ്ധവാര വിചിന്തനങ്ങൾ**

വിശുദ്ധ വാരത്തിൽ ആത്മീയമായി ഒരുങ്ങുവാൻ മിഷൻ ലീഗ് അംഗങ്ങൾക്കുവേണ്ടി വിശുദ്ധ വാരത്തിലെ ഓരോ ദിനങ്ങളിലും രൂപതാ സമിതിയംഗങ്ങൾ വചനവിചിന്തനങ്ങൾ തയ്യാറാക്കി പോസ്റ്റു ചെയ്യുന്നു.

**ഏപ്രിൽ – മിഷൻ ദൈവവിളി മാസം**

*'ഉത്ഥിതനൊപ്പം പുതുജീവനിലേക്ക്'*

9 ശനി – എക്സിക്യൂട്ടീവ് യോഗം
10 ഞായർ – ഓശാന ഞായർ
14 വ്യാഴം – പെസഹാ വ്യാഴം
15 വെള്ളി – ദുഃഖവെള്ളി
16 ശനി – വലിയശനി
17 ഞായർ – ഈസ്റ്റർ
23 ശനി – വി. ഗീവർഗീസിന്റെ തിരുനാൾ
24 ഞായർ – **ദൈവവിളി ദിനം,** ദൈവവിളി പ്രസംഗ മത്സരം– 'Missio', അസാധാരണ സമ്മേളനം
25 തിങ്കൾ – വി. മർക്കോസ് സുവിശേഷകൻ
29 വെള്ളി – സിയന്നായിലെ വി.കത്രീന, പ്രേഷിതകൂട്ടം

***'വളരാൻ വളർത്താൻ'***

- പ്രയർസെൽ ചേർന്ന് പ്രാർത്ഥിക്കുക
- ദൈവിളി ക്യാമ്പുകൾ സെമിനാറുകൾ സംഘടിപ്പിക്കുക
- മിഷൻഗ്രാമ സന്ദർശനം, ഡോക്യുമെന്ററികൾ നൽകൽ
- വിശുദ്ധരെ അറിയാം – വി. കത്രീന

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# വൊക്കേഷൻ ബ്യൂറോ

താമരശ്ശേരി രൂപതയുടെ വൊക്കേഷൻ ബ്യൂറോയിൽ നിന്ന് സ്നേഹാശംസകൾ.

മാർച്ച് മാസം 12-ാം തിയതി നമ്മുടെ രൂപതയിലെ 6 ഫൊറോനകളിൽ ദൈവവിളി പ്രോത്സാഹനാർത്ഥം ഫോറോന തല ദൈവവിളി ക്യാമ്പ് നടത്തി. ഈ വർഷം രൂപത സെമിനാരിയിലോ മറ്റേതെങ്കിലും സെമിനാരികളിലോ ചേരാൻ ആഗ്രഹിക്കുന്ന 10, +2, അതിന് മുകളിലോ ഉള്ള കുട്ടികൾക്ക് വേണ്ടിയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. 6 ഫൊറോനകളിലായി 51 കുട്ടികൾ പങ്കെടുത്തു. പള്ളികളിൽ അറിയിക്കുകയും കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്ത എല്ലാ വൈദികർക്കും രൂപത വൊക്കേഷൻ ബ്യൂറോയുടെ നന്ദി അറിയിക്കുന്നു.

## ദൈവവിളി ക്യാമ്പ്

തിയതി: 2022 മെയ് 1 രാവിലെ 10.30 മണി മുതൽ 3 ഉച്ചക്ക് 2.00 മണി വരെ (ഞായർ, തിങ്കൾ, ചൊവ്വ)

ആൺകുട്ടികൾക്ക്: START, കോഴിക്കോട്

പെൺകുട്ടികൾക്ക്: PMOC, മേരിക്കുന്ന്

## *ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

1. ക്യാമ്പിനു വരുന്നവർ ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഈ കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
4. മറ്റ് രൂപതകളിലോ സന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
5. രൂപതയുടെ പുറത്തുള്ള സെമിനാരികളിലും കോൺവെന്റ്കളിലും ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി വാങ്ങേണ്ടതാണ്
6. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നമ്മുടെ രൂപതയിൽ വരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.
7. വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ സന്ദർശിക്കാനുള്ള സമയം ക്യാമ്പിന്റെ സമാപനദിവസമായ മൂന്നാം തീയതി രാവിലെ 9 മണി മുതൽ 10.30 വരെ ആയിരിക്കും.

**ഫാ. ചെറിയാൻ പൊങ്ങൻപാറ**

ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധന ക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ മാർച്ച് മാസ ത്തിലെ ക്ലാസ്സുകൾ 12, 26 തീയതികളിൽ നടന്നു. ഈ ക്ലാസുകൾ നയിച്ചത് യഹൂദ ആരാധനക്രമത്തെക്കുറിച്ച് ആധികാരികമായി പഠനം നടത്തിയ ഡോ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ അച്ചനാണ്. പാലാ രൂപതാംഗം ആയ അദ്ദേഹം 'പരിശുദ്ധ കുർബാനയും യഹൂദ പെസഹാ ആചരണവും'എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് ക്ലാസ് നയിച്ചത്.

സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര- ദൈവശാസ്ത്ര വശങ്ങളെ ക്കുറിച്ചു മുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടു ക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇ-മെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കു ന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

മാർച്ച് മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ- പൈതൃക പഠന ക്ലാസ്സ്-പുതിയ ബാച്ച്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ- പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ച് 2022 ജനുവരി 16 ഞായറാഴ്ച്ച ആരംഭിച്ചു. എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തു ന്നത്. അമ്പതോളം പേർ നിലവിൽ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. ഈ ക്ലാസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 82813 46179 എന്ന നമ്പറിൽ ബന്ധപ്പെടാ വുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## വിദ്യാഭ്യാസ സംഗമവും യാത്രയയപ്പ് സമ്മേളനവും

താമരശ്ശേരി രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപക- അനധ്യാപക ജീവനക്കാരുടെ സംഗമവും ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പ് സമ്മേളനവും 2022 ഏപ്രിൽ 9 ശനിയാഴ്ച പുല്ലൂരാംപാറ ബഥാനിയ നീവകരണ കേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. അഭിവന്ദ്യ പിതാവ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്യുന്നു. പ്രധാനധ്യാപകരും അധ്യാപകരും അടക്കം 37 പേരാണ് കോർപ്പറേറ്റ് സ്കൂളുകളിൽ നിന്നും ഈ വർഷം വിരമിക്കുന്നത്.

## അധ്യാപക സെലക്ഷൻ പരീക്ഷ

കോർപ്പറേറ്റ് സ്കൂളുകളിൽ ഭാവിയിലുണ്ടാകുന്ന സ്പെഷ്യലിസ്റ്റ് അധ്യാപക ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് അപേക്ഷ നൽകിയ ഉദ്യോഗാർത്ഥികൾക്കുള്ള പ്രാരംഭ പരീക്ഷ 05/03/2022ന് തിരുവമ്പാടി ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തി. വിവിധ വിഭാഗങ്ങളിലായി 162 പേർ പങ്കെടുത്തു.

## ആദരാഞ്ജലികൾ

പുല്ലൂരാംപാറ സെന്റ് ജോസഫ്സ് യു.പി.സ്കൂളിലെ അറബിക് അധ്യാപകനായിരുന്ന ശ്രീ. സൈനുൽ ആബിദീൻ പി. 21/02/2022 ന് നിര്യാതനായി. സ്കൂൾ വിട്ട് വീട്ടിലേക്ക് മടങ്ങുന്ന വഴി ഉണ്ടായ വാഹനാപകടത്തിലാണ് അദ്ദേഹത്തിന്റെ ദാരുണവും ആകസ്മികവുമായ മരണം സംഭവിച്ചത്. സേവന തൽപരനും നിസ്വാർത്ഥമതിയുമായിരുന്ന ആബിദീൻ മാസ്റ്ററുടെ അകാല നിര്യാണത്തിലൂടെ ഒരു നല്ല അധ്യാപകനെയാണ് നമുക്ക് നഷ്ടമായത്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും പ്രിയപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

മരുതോങ്കര സെന്റ് മേരീസ് ഹൈസ്കൂളിൽനിന്നും ക്ലർക്കായി വിരമിച്ച ശ്രീ. പി. സി. വർക്കി പൊട്ടയ്ക്കൽ, കോടഞ്ചേരി സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ മുൻപ്രിൻസിപ്പാൾ ശ്രീ. സി.എം. ജോസഫ് ചക്കാലയിൽ, വിളക്കാംതോട് എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ് ആയി വിരമിച്ച ശ്രീമതി ഏ. സി. മേരി കുത്തുർവെള്ളാട്ടുകര എന്നീ പ്രിയപ്പെട്ടവരും കഴിഞ്ഞ ദിവസങ്ങളിൽ നമ്മോട് അന്ത്യയാത്ര പറയുകയുണ്ടായി. പ്രഗത്ഭനായ അധ്യാപകനും, പ്രധാനധ്യാപകനുമായിരുന്ന ശ്രീ. സി.എം. ജോസഫ് സാർ സർവ്വീസിൽനിന്നും വിരമി

ച്ചശേഷം നമ്മുടെ കോർപ്പറേറ്റ് ഓഫീസിൽ സെക്രട്ടറിയായി ദീർഘകാലം സ്തുത്യർഹ സേവനം അനുഷ്ഠിച്ചിരുന്നു. മതാധ്യാപകൻ, പരിശീലകൻ, രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി എന്നീ രംഗങ്ങളിലും അദ്ദേഹം മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. 3 പതിറ്റാണ്ടുകാലം കല്ലുരുട്ടി നീലേശ്വരം സ്കൂളിൽ സ്തുത്യർഹസേവനം പൂർത്തികരിച്ചതിനുശേഷം വിളക്കാംതോട് എൽ.പി. സ്കൂളിൽ പ്രധാനധ്യാപികയായി മികവാർന്ന പ്രവർത്തനം കാഴ്ച വെച്ച ശ്രീമതി ഏ.സി. മേരി ടീച്ചർ, കലാകാരി, സാമൂഹ്യപ്രവർത്തക, രൂപത പാസ്റ്ററൽ കൗൺസിൽ അംഗം, മാതൃവേദി പ്രസിഡണ്ട് എന്നീ രംഗങ്ങളിൽ തിളങ്ങിനിന്ന വ്യക്തിയായിരുന്നു. 34 വർഷക്കാലം വിവിധ കോർപ്പറേറ്റു സ്കൂളുകളിൽ ഓഫീസ് സ്റ്റാഫായി മാതൃകാപരമായ സേവനം കാഴ്ചവെച്ച വ്യക്തിയായിരുന്നു ശ്രീ. പി.സി. വർക്കി. തന്റെ ചുമതലകൾ കൃത്യനിഷ്ഠയോടും സത്യസന്ധതയോടും നിർവ്വഹിക്കാൻ അദ്ദേഹം ഏറെ ശ്രദ്ധാലുവായിരുന്നു. പ്രിയപ്പെട്ട സി.എം. ജോസഫ് സാറിന്റെയും ശ്രീമതി ഏ.സി. മേരി ടീച്ചറിന്റെയും ശ്രീ. പി.സി. വർക്കിച്ചേട്ടന്റെയും വേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയും ഇവരുടെ ആത്മാക്കളുടെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## *ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്നവർ*

| SI.N | Name | Designation | School |
|---|---|---|---|
| 1 | Shivichan Mathew | Principal | Kodenchery HSS |
| 2 | Haris Kuruvila | Principal | Kattippara HSS |
| 3 | Jayasree Sebastian | HSST Malayalam | Kallanode HSS |
| 4 | Jancy Jose | HSST Physics | Koorachundu HSS |
| 5 | Joyson C.J. | HSST English | Marudonkara HSS |
| 6 | Emily James | HSST (Jr) Economics | Marudonkara HSS |
| 7 | Joseph K. T. | H.M. | Vilangad HS |
| 8 | Mercy Joseph Puthenpura | H.M. | Kannoth HS |
| 9 | Thankachan A.M. | H.M. | Kakkadampoil HS |
| 10 | Maria Briget K.P | H.M. | Maramchatty HS |
| 11 | Aney Zacharias | HST Hindi | Pullurampara HS |
| 12 | Kathreena K.K. | HST P.S. | Koodaranhi HS |
| 13 | Lisamma Kuruvila | HST P.S. | Chempanoda HS |
| 14 | Celine Francis | HST Maths | Koodaranhi HS |
| 15 | Mariakutty Thomas | HST Maths | Kunduthode HS |
| 16 | Maya Antony | HST Maths | Chempanoda HS |

| | | | |
|---|---|---|---|
| 17 | Silvy M.J. | HST N.S. | Kulathuvayal HS |
| 18 | Jose Cyriac K. | HST S.S. | Kulathuvayal HS |
| 19 | Roymon K. Ovelil | H.M. | Venappara UPS |
| 20 | Jessy Andrews | H.M. | Peruvannamoozhi UPS |
| 21 | Jose T.G. | H.M. | Kattippara UPS |
| 22 | Tomichan K.C. | H.M. | Nenmeni UPS |
| 23 | Mini M. Abraham | H.M. | Neeleswaram LPS |
| 24 | Meena Sebastian | H.M. | Pandallur LPS |
| 25 | Prasanna John | H.M. | Muthottickal LPS |
| 26 | Thressiamma Mathew | UPST | Nenmeni UPS |
| 27 | Thresiamma Joseph | UPST | Vilackamthode UPS |
| 28 | Thresiamma Thomas | UPST | Pariapuram UPS |
| 29 | Leyoni Michael | LPST | Thiruvampady UPS |
| 30 | Joicy A.M. | LPST | Chakkittapara LPS |
| 31 | Jessamma Varghese | LPST | Koodaranhi LPS |
| 32 | Sr. Anies Abraham | LPST | Kannoth UPS |
| 33 | Saliamma P C | LPST | Chengaroth UPS |
| 34 | Bennichan K. Mathew | JLT Hindi | Chengaroth UPS |
| 35 | Lovely John | JLT Hindi | Kannoth UPS |
| 36 | Babu M.V. | JLT Hindi | Venappara UPS |
| 37 | Babu K. | JLT Sanskrit | Vilangad HS |

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ



# സ്റ്റാർട്ട്

## 2022-23 MTC Courseനുള്ള ആപ്ളിക്കേഷൻ ക്ഷണിക്കുന്നു

2022-23 വർഷത്തേക്കുള്ള ആപ്ളിക്കേഷൻ ആരംഭിച്ചു. സ്റ്റാർട്ടിന്റെ പരിശീലനപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലനകോഴ്സ് ആണ്. 2021 -22 വർഷത്തെ പരിശീലന പരിപാടി കോവിഡ് 19 ന്റെ പ്രത്യേകസാഹചര്യത്തിൽ തുടക്കത്തിൽ ഓൺലൈനായിട്ടാണ് ആരംഭിച്ചതെങ്കിലും പിന്നീട് ക്യാമ്പസ്സിൽ താമസിച്ചുള്ള പരിശീലനമായി നടത്താൻ സാധിച്ചു. പരിശീലനം പൂർത്തിയാക്കിയ കുട്ടികൾ രാജ്യത്തെ ഉയർന്ന സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷനുവേണ്ടിയുള്ള മത്സരപരീക്ഷകളിൽ പങ്കെടുക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. പുതിയ വർഷത്തെ കോഴ്സ് പൂർണ്ണമായി താമസിച്ചുള്ള പരിശീലനപരിപാടിയായാണ് നടത്തുന്നത്.

ഇതര കോച്ചിങ് സെന്ററുകളിൽ നിന്നെല്ലാം വ്യത്യസ്തമായി ചില സവിശേഷതകളോടെയാണ് സ്റ്റാർട്ട് ഈ പരിശീലനപരിപാടി നടത്തുന്നത്. സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമ്മികബോധവുമുള്ള മുൻനിരനേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽ നിന്ന് ദേശീയഅന്തർദേശീയതലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലനപരിപാടിയുടെ മുഖ്യലക്ഷ്യമാണ്.

ദേശീയ അന്തർദേശീയതലത്തിൽ നടത്തപ്പെടുന്ന മത്സരപരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കും ഇംഗ്ലീഷ്ഭാഷാ സ്വാധീനവും യുക്തിവിചാരവും അടിസ്ഥാനഗണിതവും പൊതുവിജ്ഞാനവുംപോലുള്ളവിഷയങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. ഇവയെല്ലാം കോർത്തിണക്കിയും ഇംഗ്ലീഷ്ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പരിശീലിപ്പിച്ചും ഉയർന്ന മത്സരപരീക്ഷകൾ വിജയിക്കാൻ സ്റ്റാർട്ടിന്റെ ഈ പരിശീലനം സഹായകരമാണ്.

കൂടാതെ സിവിൽ സർവീസ്, NET, SET, TET, UPSC, SSC, PSC തുടങ്ങി എല്ലാ മത്സരപരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കവുമാണ്.

പുതിയബാച്ചിലേക്കുള്ള അപേക്ഷ അയക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.ഫോൺ നമ്പർ: 8590468035 (WhatsApp), 0495 2357843. e-mail: startindia@gmail.com

## MTC Course 2021-22 Residential Course സമാപിച്ചു

ജൂൺ 15 മുതൽ online ആയിആരംഭിക്കുകയും പിന്നീട് സ്റ്റാർട്ടിൽ വച്ച് 2022 ജനുവരി മൂന്നാം തിയതി മുതൽ താമസിച്ചുള്ള പരിശീലനമായി നടത്തപ്പെടുകയും ചെയ്ത Master Training Course മാർച്ച് 31ന് സമാപിച്ചു. യൂണിവേഴ്സിറ്റികളിലേക്കുള്ള ഓൺലൈൻ ആപ്ലിക്കേഷൻ ആരംഭിച്ചുകഴിഞ്ഞു . എന്നാൽ ഈ വർഷത്തെ കേരള, CBSE പ്ലസ്ടുപരീക്ഷകൾ വൈകി നടക്കുന്നതുകൊണ്ട് ചിലയൂണിവേഴ്സിറ്റികളിലേക്കുള്ള ഓൺലൈൻ ആപ്ലിക്കേഷനുകൾക്ക് സാവകാശംലഭിക്കുന്നുണ്ട്. എല്ലാ കുട്ടികൾക്കും അവർക്കിണങ്ങിയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കാനും ഓൺലൈൻ ആപ്ലിക്കേഷൻ നടത്താനും സ്റ്റാർട്ട് സഹായിക്കുന്നുണ്ട്. മാർച്ച് 31ന് കോഴ്സ് പൂർത്തിയായെങ്കിലും അവരുടെ യൂണിവേഴ്സിറ്റി അഡ്മിഷൻ നടപടികൾ തീരുംവരെ എല്ലാവിധ സഹായസഹകരണങ്ങളും നല്കാൻ സ്റ്റാർട്ട് പ്രതിജ്ഞാബദ്ധമാണ്.

### 9, 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള തീവ്രപരിശീലന കോഴ്സ്

എല്ലാ വർഷവും സമ്മർ അവധിക്കാലത്ത് നടത്താറുള്ള 9, 10, 11 ക്ലാസ്കഴിഞ്ഞവർക്കുള്ള തീവ്രപരിശീലന ക്ലാസുകൾ 2022 മെയ് 07 ശനിയാഴ്ച്ച മുതൽ മെയ് 28 ശനിയാഴ്ച്ച വരെ നടത്തപ്പെടുന്നു. 21 ദിവസം നീണ്ടുനിൽക്കുന്ന ഈ കോഴ്സ് ക്യാമ്പസ്സിൽ താമസിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. കുട്ടികൾക്ക് ഉന്നതപഠനത്തിന് സഹായകമാകുന്നരീതിയിൽ ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തുന്നകോഴ്സ് ആണിത്.

താല്പര്യമുള്ളവർ ഏപ്രിൽ 15ന് മുമ്പായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുകയോ 8590468035 എന്ന വാട്സ്ആപ്പ് നമ്പറിൽ മെസ്സേജ് അയക്കുകയോ ചെയ്യുക. ഫോൺ നമ്പർ 0495 2357843. e-mail: startindia@gmail.com

### സ്റ്റാർട്ടിൽ IELTS, OET കോഴ്സ്

സ്റ്റാർട്ടിൽ IELTS, OET കോഴ്സ് 2022 മെയ് ഒന്നാം തിയതി മുതൽ ആരംഭിക്കുന്നു. നമ്മുടെ നിരവധി യുവജനങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി പോകുന്ന ഇന്നത്തെ സാഹചര്യത്തിൽ പരിശീലനം കാര്യക്ഷമമായും ചിട്ടയായും നടത്തേണ്ടത് ആവശ്യമാണ്. പരീക്ഷക്ക് ഒരുക്കുന്നതോടൊപ്പം ഇംഗ്ലീഷ് ഗ്രാമറിന് പ്രത്യേക പരിശീലനം ഉണ്ടായിരിക്കും. എല്ലാമാസവും ആരംഭത്തിൽ പുതിയ ബാച്ച് ആരംഭിക്കുന്ന ക്രമത്തിലായിരിക്കും കോഴ്സ് നടത്തപ്പെടുന്നത്.

**ഫാ. ആന്റണി കാരികുന്നേൽ**
അക്കാഡമിക് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# മാതൃവേദി

സീറോ മലബാർ മാതൃവേദിയുടെ വാർഷിക സമ്മേളനവും ജനറൽ ബോഡിയും മാർച്ച് 5 ശനിയാഴ്ച രാവിലെ 10.30 ന് മാതൃവേദി പ്രസിഡണ്ട് ശ്രീമതി ദീപ റെജിയുടെ അധ്യക്ഷതയിൽ രൂപതാ ഭവൻ ഓഡിറ്റോറിയത്തിൽ ചേർന്നു. യോഗത്തിൽ ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ സ്വാഗതമാശംസിച്ചു. രക്ഷാധികാരിയായ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും പുതിയ രൂപതാ ഭാരവാഹികൾക്ക് പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. നിയുക്ത പ്രസിഡണ്ട് ശ്രീമതി ലിസി കൂട്ടിയാനിയ്ക്കൽ മറുപടി പ്രസംഗം നടത്തി. താമരശ്ശേരി രൂപതയിലെ ഏറ്റവും കൂടുതൽ മക്കൾ ഉള്ള കുടുംബമായ മേലേടത്ത് മാത്യു - സിനി ദമ്പതികളെ ഇന്റർനാഷണൽ മാതൃവേദിയുടെ ഫലകം നൽകി പൊന്നാടയണിയിച്ച് ആദരിച്ചു. അവരുടെ 9 മക്കളിൽ ഒരാൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പായി 25,000 രൂപ നല്കി. വാർഷികാഘോഷത്തിന്റെ ഭാഗമായി പാറോപ്പടി യൂണിറ്റ് അംഗം ശ്രീമതി ബിന്ദു ജോർജ്, സമ്പൂർണ്ണ മാതൃവേദി ഇടവകയായ കുളത്തുവയൽ യൂണിറ്റ് അംഗങ്ങൾ എന്നിവർ യഥാക്രമം പ്രയർ ഡാൻസ്, ഗ്രൂപ്പ് ഡാൻസ് എന്നിവ അവതരിപ്പിച്ചു. സംഘടനയുടെ ഒരു വർഷത്തെ റിപ്പോർട്ട്, കണക്ക് എന്നിവ സെക്രട്ടറിയും ഇന്റർനാഷണൽ സെനറ്റ് മെമ്പറുമായ ശ്രീമതി ട്രീസാ സെബാസ്റ്റ്യൻ അവതരിപ്പിച്ചു. ചിപ്പിലിത്തോട് യൂണിറ്റ് അംഗങ്ങൾ മാതൃവേദി ആന്തം പാടുകയും രൂപതാ ആനിമേറ്റർ സി. ഫിലോ എസ്.എ.ബി.എസ് നന്ദി പറയുകയും ചെയ്തു. രൂപതാ സമിതി അംഗങ്ങളായ ശ്രീമതി. ജെയ്മോൾ കാവിൽപുരയിടം, ശ്രീമതി മേരി പുല്ലാട്ട്, ശ്രീമതി. ജെസ്സി അടയ്ക്കാപ്പാറ, ശ്രീമതി ആനിയമ്മ മറ്റക്കോട്ടിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു.

## ഏകദിന സെമിനാർ വിലങ്ങാട് യൂണിറ്റ്

മാർച്ച് 13 ന് ഇടവകയിലെ അമ്മമാർക്ക് വേണ്ടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. വി. കുർബാനയ്ക്ക് ശേഷം നടന്ന മീറ്റിങ്ങിൽ മാതൃവേദി ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, രൂപത ആനിമേറ്റർ സി. ഫിലോ, റിസോഴ്സ് ടീം കോ-ഓർഡിനേറ്റർ ശ്രീമതി ദീപ നെല്ലിയാകുന്നേൽ എന്നിവർ ക്ലാസുകൾ നയിച്ചു.

## തോട്ടുമുക്കം മേഖല

മേഖലാതലത്തിൽ മാതൃവേദിയെ അറിയാൻ എന്ന പേരിൽ 3 മിനിറ്റ് സമയമുള്ള ഓഡിയോ രൂപത്തിൽ ഒരു ടാസ്ക്ക് നല്കി, മത്സര ഇനമായി നടത്തി.

*ഓൺലൈൻ ബൈബിൾ ക്വിസ് -* എല്ലാ ഞായറാഴ്ചകളിലും മേഖലാ തലത്തിൽ ഓൺലൈൻ ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിച്ചു.

*വനിതാദിനം* – ദേശീയവനിതാ ദിനത്തിന്റെ ഭാഗമായി ഒരു കവിതാ രചന മത്സരം അമ്മമാർക്കായി നടത്തി. വാലില്ലാപ്പുഴ, കോനൂർക്കണ്ടി എന്നീ ഇടവകകൾ യഥാക്രമം ഭവനനിർമ്മാണം, പച്ചക്കറികൃഷി എന്നിവ നടത്തി.

**പനംപിലാവ് ഇടവക**

*ആദരം 2022*

പഴയകാല മാതൃവേദി അമ്മമാരെ ആദരിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 19 ന് 'ആദരം 2022' എന്ന പ്രോഗ്രാം നടത്തി. മൊമന്റൊ നൽകുകയും, പള്ളിയിൽ വരാൻ സാധിക്കാത്തവരെ വീടുകളിൽ സന്ദർശിക്കുകയും ചെയ്തു.

*വചനം തിരുവചനം*

അമ്പതു നോമ്പിനൊരുക്കമായി വചനം തിരുവചനം എന്ന പേരിൽ അനുദിന ബൈബിൾ ഭാഗങ്ങൾ അമ്മമാർ വായിക്കുകയും ആ ഭാഗം വീഡിയോകളാക്കി നല്കുകയും ചെയ്യുന്നു.

**അമ്മമനസ്സ് വനിതാദിന പ്രോഗ്രാം**

പീടികപാറ, തോട്ടുമുക്കം, പുഷ്പഗിരി, ചുണ്ടത്തുംപൊയിൽ എന്നീ ഇടവകകളിൽ വനിതാ ദിനത്തോട് അനുബന്ധിച്ച് പ്രോഗ്രാം നടത്തി, അമ്മമാരെ ആദരിച്ചു.

**കരുതൽ സ്പർശം – ദേവഗിരി യൂണിറ്റ്**

മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് മാതൃവേദി ദേവഗിരി യൂണിറ്റ് തുടക്കം കുറിച്ച 'കരുതൽ സ്പർശം' ഹോം കെയർ പദ്ധതിയുടെ ഉദ്ഘാടനം വികാരി റവ. ഫാ. ബിജു ചക്കാലയിൽ നിർവഹിച്ചു. മാതൃവേദി അംഗങ്ങളായ ഒന്നോ രണ്ടോ ആരോഗ്യ പ്രവർത്തകരും മറ്റ് രണ്ടു മൂന്ന് അംഗങ്ങളും ചേർന്ന് ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുന്നതാണ് പ്രോഗ്രാം.

പ്രായമായവരോ രോഗികളോ ഉള്ള വീടുകൾ സന്ദർശിച്ച് ബി.പി., ഷുഗർ എന്നിവ പരിശോധിക്കുകയും അവരോടൊപ്പം അൽപ്പ സമയം ചെലവഴിക്കുകയും ചെയ്യുന്നു.

**വനിതാ ദിനം – കുളത്തുവയൽ യൂണിറ്റ്**

ലോകവനിതാദിനത്തോട് അനുബന്ധിച്ചു മാതൃവേദി കുളത്തുവയൽ യൂണിറ്റ് അമ്മമാർക്കായി ബോധവത്കരണ ക്ലാസ്സ് നടത്തി.

യൂണിറ്റ് ഡയറക്ടറും തീർത്ഥാടനകേന്ദ്ര റെക്ടറുമായ ഫാ. ജോർജ്ജ് കളപ്പുരക്കൽ ക്ലാസ്സ് എടുത്തു.

**വനിതാദിനം – മരിയാപുരം യൂണിറ്റ്**

മാർച്ച് 8 ന് വനിതാ ദിനത്തോട് അനുബന്ധിച്ച് മരിയാപുരം മാതൃവേദി സംഘടിപ്പിച്ച 'വിശ്വാസത്തിന്റെ കരുത്തിൽ മക്കൾക്ക് കരുത്തായി' എന്ന വെബിനാർ അസി. വികാരി ഫാ. തോമസ് മാവുങ്കൽ ഉദ്ഘാടനം ചെയ്തു. സി. അർപ്പിതാ

സിഎംസി (അസി. പ്രൊഫ & കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്, St. Mary's College Puthanangadi) മുഖ്യപ്രഭാഷണം നടത്തി.

**ഏകദിന സെമിനാർ – കക്കയം ഇടവക**

മാതൃവേദിയുടേയും കത്തോലിക്കാ കോൺഗ്രസിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ മുതിർന്ന മാതാപിതാക്കൾക്കുള്ള ഏകദിന സെമിനാർ ഇടവക വികാരി റവ.ഫാ മാത്യു കുറുമ്പുറത്ത് ഉദ്ഘാടനം ചെയ്തു. ശ്രീ. പി.ജെ. ഈപ്പൻ സാർ ക്ലാസ് എടുത്തു.

**കോടഞ്ചേരി മേഖല**

**ഏകദിന സെമിനാർ – കണ്ണോത്ത് യൂണിറ്റ്**

വനിതാ ദിനത്തോടനുബന്ധിച്ച് മക്കളെ വളർത്തുന്നതിൽ അമ്മമാർക്കുള്ള പങ്ക് എന്ന വിഷയത്തിൽ Sr. Noble Mary ക്ലാസ്സ് എടുത്തു.

*കോടഞ്ചേരി യൂണിറ്റ്* : മാർച്ച് 8-ാം തിയ്യതി വനിതാ ദിനത്തോടനുബന്ധിച്ച് 75 വയസ്സിനു മുകളിൽ പ്രായമുള്ളതും എല്ലാ മീറ്റിങ്ങുകളിലും പങ്കെടുക്കുകയും ചെയ്യുന്ന രണ്ട് അമ്മമാരെ പൊന്നാട അണിയിച്ച് ആദരിച്ചു. യുദ്ധം ഒഴിവാക്കാനായി പ്രാർത്ഥിക്കുകയും, ബൈബിൾ ക്വിസ്സ്, കുരിശിന്റെ വഴി, നേർച്ച ഭക്ഷണം , ചികിൽസാ സഹായം എന്നീ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

*ചെമ്പുകടവ് യൂണിറ്റ്* : വീടിന്റെ മേൽക്കൂര തകർന്നുപോയ ഒരു വ്യക്തിക്ക് അത് പുനർനിർമ്മിച്ചു നൽകുന്നതിന് 28,000 രൂപ സംഭരിച്ചു നൽകി.

*വലിയകൊല്ലി യൂണിറ്റ്* : ഫെബ്രുവരി മാസത്തിൽ തിരുന്നാളിനോടനുബന്ധിച്ച് പരി. മാതാവിന്റെ രൂപം വാങ്ങി പള്ളിക്കു നൽകി.

**താമരശ്ശേരി മേഖല സംഗമം**

മാർച്ച് 12 ന് ശനിയാഴ്ച്ച താമരശ്ശേരി മേഖല മീറ്റിംഗ് പുതുപ്പാടി പള്ളിയിൽ വച്ച് നടന്നു. 'ഇടവകയിലും കുടുംബത്തിലും അമ്മമാരുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി ബഹുമാനപ്പെട്ട ഡയറക്ടർ കുര്യാക്കോസ് മുഖാലയിൽ ക്ലാസ്സ് എടുത്തു. പുതുപ്പാടി ഇടവക വികാരി ഫാ. ഷെറിൻ പുത്തൻപുരയിൽ, മേഖല ആനിമേറ്റർ സി. അമല, സെക്രട്ടറി ശ്രീമതി സ്വപ്ന ഗിരീഷ് എന്നിവർ നേതൃത്വം നല്കി.

**കരുവാരക്കുണ്ട് മേഖലാ സംഗമം**

മാർച്ച് 5 പാതിരിക്കോട് ഇടവകയിൽ വച്ച് കരുവാരകുണ്ട് മേഖലാ സംഗമം നടത്തി. സന്യാസ ജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കിയ സി. ജ്യോതിസിനെ ആദരിച്ചു. മേഖലാ ഡയറക്ടർ ഫാ. വിൻസെന്റ് കറുകമാലിൽ, മേഖലാ ഭാരവാഹികൾ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

# ആദരാഞ്ജലികൾ



## സി. ലിൻസി CPS

**മരണം 2-3-2022**

താമരശ്ശേരി പ്രേഷിതാരാം സന്യസിനി സമൂഹത്തിന്റെ അൽഫോൻസ പ്രസ്സിൽ സേവനം ചെയ്തുകൊണ്ടിരുന്ന സി. ലിൻസി CPS (60) 2022 മാർച്ച് 2 ന് വാഹനാപകടത്തിൽ നിര്യാതയായി. 9-ാം തീയതി കാലടി പ്രേഷിതാരാം സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സമൂഹാംഗങ്ങളോട് രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മാശാന്തിക്കുവേണ്ടി പ്രാർത്ഥി ക്കുന്നു.

പാലാ രൂപതയിൽ കുടയത്തൂർ ഇടവക മുണ്ടയ്ക്കൽ ദേവസ്യ-മറിയം ദമ്പതികളുടെ 7 മക്കളിൽ 5-ാമത്തെ മകളായി1962 ജനുവരി 8 ന് സി. ലിൻസി ജനിച്ചു. കൊച്ചുത്രേസ്യ എന്നായിരുന്നു മാമ്മോദീസ പേര്. 1986 ൽ പ്രേഷിതാരാം സന്യാസിനീ സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. പരിശീലനകാലം പൂർത്തിയാക്കി 1990 ജനുവരി 6 ന് ആദ്യവ്രതം സ്വീകരിച്ച് സി. ലിൻസി എന്ന നാമം സ്വീകരിച്ചു. 1995 മെയ് 17 ന് നിത്യവ്രതവാഗ്ദാനവും നടത്തി. പ്രേഷിതാരാം സന്യാസിനി സമൂഹത്തിന്റെ പ്രേഷിത ചൈതന്യം സ്വന്തമാക്കി കാലടി, തൃക്കാക്കര, എറണാകുളം, പോട്ട, വെള്ളരിയാനം, താമരശ്ശേരി എന്നീ മഠങ്ങളിൽ വിവിധ ശുശ്രൂഷകൾ ചെയ്ത് തന്റെ സമർപ്പണജീവിതത്തെ ധന്യമാക്കി. മുദ്രാലയപ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമായി സി. ലിൻസി പ്രിന്റിങ്ങ് മേഖലയിൽ

പ്രാവീണ്യം നേടിയിരുന്നു. കുട്ടികൾക്ക് അറിവു പകർന്നു നൽകുന്നതിലും പ്രത്യേകിച്ച് വചനങ്ങൾ പഠിപ്പിക്കുന്നതിലും മതബോധനക്ലാസ്സിൽ കുഞ്ഞു സമ്മാനങ്ങൾ നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിലും സിസ്റ്റർ തല്പരയായിരുന്നു. അനുദിന തിരക്കുകൾക്കിടയിലും ദിവ്യകാരുണ്യ സന്നിധിയിൽ ഏറെ സമയം ചിലവഴിച്ചിരുന്ന സിസ്റ്റർ വിയാനി പ്രിന്റിംഗ്സ്, ആരാം പ്രസ്സ്, അൽഫോൻസ പ്രസ്സ് തുടങ്ങിയ വിവിധ പ്രസ്സുകളിലായിരുന്നു തന്റെ സമർപ്പിത ശുശ്രൂഷ നയിച്ചത്.

2022 മാർച്ച് 1 ന് താൻ ആയിരിക്കുന്ന സമൂഹത്തിലെ ഒരു സഹോദരിയുടെ വത്സല മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്ത് തിരിച്ച് താമരശ്ശേരിക്ക് പേരുന്നതിനിടയിൽ ചാലക്കുടിയിൽ വച്ച് ആകസ്മികമായി ബസിൽ നിന്നും പുറത്തേക്ക് വീണ സി. ലിൻസിയെ അത്യാസന്ന നിലയിൽ അടുത്തുള്ള ഹോസ്പിറ്റലിൽ എത്തിച്ചുവെങ്കിലും 32 വർഷത്തെ സന്യാസ ജീവിതം അവസാനിപ്പിച്ച് മാർച്ച് 2 ബുധനാഴ്ച 1.30 ന് സി. ലിൻസിയുടെ ആത്മാവ് ഈ ലോകത്തിൽ നിന്നും യാത്രയായി. സി. ലിൻസിയുടെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ.

# കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

1958ൽ പയസ് പന്ത്രണ്ടാമൻ മാർപാപ്പയുടെ നിർദ്ദേശമനുസരിച്ച് സ്ഥാപിതമായ കത്തോലിക്ക നഴ്സുമാരുടെ അന്തർദ്ദേശീയ സംഘടനയാണ് കാത്തലിക് നഴ്സസ് ഗിൽഡ്. നഴ്സുമാരുടെ സാമൂഹികവും ആത്മീയവും സാമ്പത്തികവും തൊഴിൽപരവുമായ ഉന്നമനത്തിനു വേണ്ടിയാണ് ഈ സംഘടന സ്ഥാപിതമായത്.

## രൂപത ഡയറക്ടേഴ്സ് സംഗമം

സി.എൻ.ജി.ഐ. യുടെ എക്ലേഷ്യാസ്റ്റിക്കൽ അഡ്വൈസറി ടീമിന്റെ പ്രഥമ മീറ്റിംഗ് 13.12.2021 ന് ഓൺലൈനായി നടത്തപ്പെട്ടു താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് ഫാ. റോണി പോൾ കാവിൽ പങ്കെടുത്തു. തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട്, കണ്ണൂർ ബിഷപ്പ് റൈറ്റ് റവ. അലക്സ് വടക്കുംതല എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി. താമരശ്ശേരി രൂപതയുടെ സംഘടനാരൂപീകരണത്തന്റെ കാലിക അവസ്ഥകൾ ഡയറക്ടറച്ചൻ മീറ്റിംഗിൽ സൂചിപ്പിച്ചു. രൂപതയിൽ സംഘടന ആരംഭിക്കുന്നതിന് ഉടൻ പരിശ്രമങ്ങൾ ചെയ്തു

തുടങ്ങുന്നതിന്റെ ഭാഗമായി രൂപതാ പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ കെ.സി.ബി.സി ഹെൽത്ത് കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് ജോർജ്ജ് ഞരളക്കാട്ട് ഡയറക്ടർമാരോട് ആവശ്യപ്പെട്ടു.

### രൂപത ഭാരവാഹികൾ

കത്തോലിക്ക സഭയിലെ നഴ്സുമാരുടെ ശാക്തീകരണത്തിനായുള്ള ഔദ്യോഗിക സംഘടനയായ CNGI (Catholic Nurses Guild of India) താമരശ്ശേരി രൂപതയിൽ സമാരംഭിച്ചു. കോവിഡിന്റെ നിയന്ത്രണങ്ങളിൽ ഓൺലൈനായി ഒരുമിച്ചുകൂടി രൂപതാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ്: റവ.സി. ലിസ്മേരി എം. എസ്. ജെ
വൈസ് പ്രസിഡന്റ്: സിനി ജോൺ
സെക്രട്ടറി: റവ. സി. സൂസൻ സി.എം.സി
ജോയിന്റ് സെക്രട്ടറി: ലിജി ജോൺ
ട്രഷറർ: റവ. സി. ജെറി ടോം എസ്.ഡി.
എക്സിക്യൂട്ടീവ് മെമ്പേർസ്:

1. സിന്ധു ജോബി
2. സൗമ്യ
3. മേരി ഷൈല

### ഭാരവാഹികളുടെ സംഗമം

കേരളത്തിലെ എല്ലാ രൂപതകളിലേയും സി.എൻ. ജി. ഐ ഭാരവാഹികളുടെ മീറ്റിംങ് ഓൺലൈനായി 25-02-2022 വെള്ളിയാഴ്ച അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെയും മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും ബിഷപ്പ് അലക്സ് വടക്കുംതല പിതാവിന്റെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു. താമരശ്ശേരി രൂപത ഡയറക്ടറും ഭാരവാഹികളും പ്രസ്തുത മീറ്റിംങിൽ പങ്കെടുത്തു.

### പുതിയ യൂണിറ്റുകൾ

താമരശ്ശേരി രൂപതയിൽ ഈ സംഘടന ശൈശവദശയിലൂടെ കടന്നുപോകുന്നതിനാൽ കത്തോലിക്ക ആശുപത്രികളിലാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ മുക്കം, ചാവറ ഹോസ്പിറ്റൽ താമരശ്ശേരി, സെന്റ് അൽഫോൻസാ ഹോസ്പിറ്റൽ പുല്ലൂരാംപാറ, എന്നിവടങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

### സംസ്ഥാന സംഗമം

03.03.2022 വ്യാഴാഴ്ച പി.ഒ.സി യിൽ കേരളത്തിലെ എല്ലാ രൂപതകളിലെയും പ്രതിനിധികളുടെ സമ്മേളനവും സെമിനാറും അഭിവന്ദ്യ പിതാക്കൻമാരുടെ

നേതൃത്വത്തിൽ നടത്തപ്പെട്ടു. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് സി.എൻ ജി.ഐ രൂപതാ പ്രസിഡന്റ് റവ. സി. ലിസ്മേരി എം.എസ്.ജെ പ്രസ്തുത മീറ്റിം ങിൽ പങ്കെടുത്തു.

### നഴ്സസ് മിനിസ്ട്രി

ജീസസ്സ് യൂത്ത് കോഴിക്കോട് സോൺ നഴ്സസ് മിനിസ്ട്രി അംഗങ്ങളുടെ മീറ്റിംങ് 1.3.2022 ചൊവ്വാഴ്ച മാങ്കാവ്, സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് നട ത്തപ്പെടുകയുണ്ടായി. നഴ്സസ് മിനിസ്ട്രിയും സി.എൻ. ജി.ഐ യും സംയുക്ത മായി എപ്രകാരം മുന്നോട്ട് നീങ്ങുവാൻ സാധിക്കുമെന്ന് മീറ്റിംങിൽ ചർച്ച ചെയ്തു. കോഴിക്കോട് സിറ്റിയിലുള്ള ആശുപത്രികളിലെ നഴ്സുമാരെ നോമ്പുകാലത്ത് ഒരുമിച്ചു കൂട്ടുവാൻ തീരുമാനിച്ചു.

### എക്സിക്യൂട്ടീവ് മീറ്റിംങ്

മാർച്ച് 9-ാം തീയതി മുക്കം സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ഡയറക്ടറ ച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടിവ് മീറ്റിംങ് നടത്തപ്പെടുകയും രൂപതയിൽ സംഘടനയുടെ ഭാവി പരിപാടികൾ എപ്രകാരമായിരിക്കണമന്ന് വിലയിരുത്തു കയും ചെയ്തു. സംസ്ഥാന സംഗമത്തിൽ പങ്കെടുത്ത രൂപത പ്രസിഡന്റ് റവ. സി. ലിസ് മേരി എം.എസ്.ജെ സംസ്ഥാന നേതൃത്വത്തിന്റെ കാഴ്ചപ്പാടുകൾ വിശദീകരിച്ചു. ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായ ആതുരശുശ്രൂഷ രം ഗത്തെ പ്രവർത്തനങ്ങൾ ലക്ഷ്യം വച്ച് സാമൂഹ്യ പ്രതിബദ്ധതയുള്ള നഴ്സു മാരെ ഒരുമിച്ചുകൂട്ടുവാൻ ഇനിയുള്ള കാലം ഒരുമിച്ച് പരിശ്രമിക്കണമെന്ന് ഡയ റക്ടറച്ചൻ സൂചിപ്പിച്ചു.

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, സി.എൻ.ജി.ഐ

## ഇൻഫാം

### ഇൻഫാം അഗ്രിഫാം പ്രവർത്തനമാരംഭിച്ചു

താമരശ്ശേരി രൂപത ഇൻഫാമിന്റെ നേതൃത്വത്തിൽ തെയ്യപ്പാറ അഗ്രി ഫാമിൽ ജൈവ ചേന കൃഷി ആരംഭിച്ചു. താമരശ്ശേരി രൂപത ഇൻഫാമിന് കൃഷിക്കായി നൽകിയ എട്ടേക്കർ സ്ഥലത്താണ് ഈ കൃഷി ആരംഭിച്ചത്. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും ഇൻഫാം പ്രവർത്തകരായ 35 ഓളം പേരാണ് ചേന നടീൽ മഹോത്സവത്തിൽ പങ്കെടുത്തത്. ഇൻഫാം രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, രൂപതാ പ്രസിഡണ്ട് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, രൂപതാ സെക്രട്ടറി ബോണി ആനത്താനം, ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ, തുടങ്ങി യവർ നേതൃത്വം നൽകി. ഓണവിപണി കണക്കാക്കി കൊണ്ടാണ് ഇൻഫാം

മൂവായിരത്തിൽ പരം ചേന നട്ടത്. കൂടാതെ കൃഷിയിടത്തിൽ നിന്നും അന്യം നിന്നു പോയ അടതാപ്പ് , ചെറുകിഴങ്ങ്, കാച്ചിൽ, കറുത്ത ചേമ്പ് തുടങ്ങിയ ഇരുപതിൽപരം പരം വിവിധ കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യുന്നുണ്ട്.

ഇൻഫാം താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഇൻഫാം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ നേതൃത്വം നൽകി. പ്രസ്തുത മീറ്റിംഗിൽ വച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

### മരുതോങ്കര മേഖല

| | | |
|---|---|---|
| പ്രസിഡന്റ് | - | റോയി ആന്ത്രോത്ത് |
| വൈസ് പ്രസിഡന്റ് | - | ജോൺസൺ ഓലിക്കൽ |
| സെക്രട്ടറി | - | മാത്യു തേരകം |
| ജോ. സെക്രട്ടറി | - | വർഗ്ഗീസ് കൈതക്കുളം |
| ട്രഷറർ | - | ഔസേപ്പച്ചൻ മണിമല |

### കോടഞ്ചേരി മേഖല

| | | |
|---|---|---|
| പ്രസിഡന്റ് | - | ബേബിച്ചൻ വട്ടക്കുന്നേൽ |
| വൈസ് പ്രസിഡന്റ് | - | സനി പുള്ളിക്കാട്ടിൽ |
| സെക്രട്ടറി | - | ജോർജ് വെള്ളപ്പനാട്ട് |
| ജോ. സെക്രട്ടറി | - | ജെയിംസ് നെല്ലിക്കയം |
| ട്രഷറർ | - | സജിൻ വലിയമറ്റം |

### കൂരാച്ചുണ്ട് മേഖല

| | | |
|---|---|---|
| പ്രസിഡന്റ് | - | ജോൺസൺ കോയിക്കക്കുന്നേൽ |
| വൈസ് പ്രസിഡന്റ് | - | വിജി വെട്ടിക്കുഴി |
| സെക്രട്ടറി | - | മത്തായി മംഗലത്ത് |
| ജോ. സെക്രട്ടറി | - | ടോമി തലക്കുളത്ത് |
| ട്രഷറർ | - | ജസ്റ്റിൻ പള്ളിപ്പറമ്പിൽ |

### ഈരൂട് യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | - | ജോസുകുട്ടി പ്ലാത്തോട്ടം |
| വൈസ് പ്രസിഡന്റ് | - | റാണി എടൂർ |
| സെക്രട്ടറി | - | ഷാജിൽ വലിയമറ്റത്തിൽ |
| ജോ. സെക്രട്ടറി | - | ലിസി പാലയംപറമ്പിൽ |
| ട്രഷറർ | - | ബേബി ചുണ്ടേൽ |

**അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ**
രൂപതാ പ്രസിഡന്റ്, ഇൻഫാം

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# സെമിനാരി വാർത്തകൾ

**മാർച്ച് 5 – മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ്**

മൂന്നാം വർഷ വൈദികവിദ്യാർത്ഥികൾ അവരുടെ മൈനർ സെമിനാരിയിലെ പരിശീലനം പൂർത്തിയാക്കി ഫിലോസഫി പഠനത്തിനായി വിവിധ മേജർ സെമിനാരികളിലേക്ക് പോകുന്നതിന്റെ ഭാഗമായി യാത്രയയപ്പ് നൽകി.

**മാർച്ച് 12 – വൊക്കേഷൻ ക്യാമ്പ്**

ദൈവവിളി എന്താണെന്ന് മനസ്സിലാക്കുന്നതിനും പുതിയ വൈദികവിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുമായി താമരശ്ശേരി രൂപതയിലെ താമരശ്ശേരി, തിരുവമ്പാടി, കൂരാച്ചുണ്ട്, കോടഞ്ചേരി, മരുതോങ്കര, തോട്ടുമുക്കം എന്നീ ഫൊറോനകളിൽ വൊക്കേഷൻ ക്യാമ്പ് നടത്തി. വൊക്കേഷൻ ക്യാമ്പിന് മൈനർ സെമിനാരിയിലെ വൈദികരും ബ്രദേഴ്സും നേതൃത്വം നൽകി.

**വാർഷിക പരീക്ഷ**

ഒന്നാം വർഷ വൈദിക വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷയും രണ്ടും മൂന്നും വർഷക്കാരുടെ മോഡൽ പരീക്ഷയും മാർച്ച് 15 ന് ആരംഭിച്ച് മാർച്ച് 24 ന് അവസാനിച്ചു.

**മാർച്ച് 25 – സുറിയാനി കുർബാന**

സെമിനാരി വിദ്യാർത്ഥികൾക്കായി അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സുറിയാനി കുർബാന അർപ്പിച്ചു. ബഹു. ബിനു കുളത്തിങ്കലച്ചനാണ് സുറിയാനി കുർബാന പഠിപ്പിക്കുന്നതിന് നേതൃത്വം നൽകിയത്.

**ഏപ്രിൽ 9 – മ്ശംമ്ശാന പട്ടവും ചെറുപട്ടങ്ങളും**

രൂപതയിലെ 12 ദൈവശാസ്ത്ര വിദ്യാർത്ഥികൾ 2022 ഏപ്രിൽ 9 ന് രാവിലെ 8 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്നും വിവിധ പട്ടങ്ങൾ സ്വീകരിക്കുന്നു.

**വേനൽക്കാല ക്യാമ്പുകൾ**

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തുന്ന തത്വശാസ്ത്ര ദൈവശാസ്ത്ര വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് 4-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾ ക്കും, യുവജനങ്ങൾക്കും വ്യക്തിത്വ വികസനം, വിശ്വാസ രൂപീകരണം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നടത്താനാഗ്രഹിക്കുന്നു. ഈ ക്ലാസ്സ് ഇടവകകളിൽ നടത്താൻ ആഗ്രഹിക്കുന്ന ബഹു. വികാരിയച്ചന്മാർ രൂപത മൈനർ സെമിനാരിയുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ മൈനർ സെമിനാരി

# കുടുംബ പ്രേഷിതത്വം

താമരശ്ശേരി രൂപതാ കുടുംബപ്രേഷിതത്വ വിഭാഗം, വിവാഹിതാരാകാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന പ്രീകാനകോഴ്സ് മാർച്ച് മാസത്തിൽ 11,12,13 തിയതികളിലായി ഓൺലൈനായി നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 187 യുവജനങ്ങൾ പങ്കെടുത്തു. അടുത്ത കോഴ്സ് ഓൺലൈനായി തന്നെ ഏപ്രിൽ 1, 2, 3 തിയതികളിൽ നടത്തപ്പെടുന്നതാണ്. ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ 8714031056 എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സപ്പ് മെസേജ് അയക്കുകയോ ചെയ്യുക.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## പ്രോലൈഫ് ദിനം ആചരിച്ചു

താമരശ്ശേരി രൂപത മരിയൻ പ്രോ ലൈഫ് മൂവ്മെൻറ് പ്രോലൈഫ് ദിനാഘോഷവും കോടഞ്ചേരി മേഖലയിലെ വലിയ കുടുംബങ്ങളുടെ സംഗമവും സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷതവഹിച്ചു. കോടഞ്ചേരി സെന്റ് മേരിസ് തീർത്ഥാടനകേന്ദ്രം റെക്ടർ ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. കെസിബിസി പ്രോലൈഫ് സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടം, മലബാർ മേഖല കോ-ഓർഡിനേറ്റർ ഷിബു കൊച്ചുപറമ്പിൽ, രൂപതാ പി.ആർ.ഒ വിനോദ് വെട്ടത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതാ സെക്രട്ടറി ജോൺസൻ സ്വാഗതവും രൂപത എക്സിക്യൂട്ടീവ് അംഗം മാർട്ടിൻ തെങ്ങുംതോട്ടത്തിൽ നന്ദിയും പറഞ്ഞു. സി. സിൽ വിയ എസ്. എച്ച്., തോമസ് പുത്തൻപുരയിൽ എന്നിവർ നേതൃത്വം നൽകി. കോടഞ്ചേരി ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി അമ്പതിൽ കൂടുതൽ കുടുംബങ്ങൾ സംഗമത്തിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും രൂപതാ ഡയറക്ടർ ക്യാഷ് അവാർഡുകൾ നൽകി കൂടാതെ സീനിയേഴ്സിന്റെയും യൂത്ത് വിംഗിന്റെയും ഫൊറോന കമ്മറ്റികൾ കമ്മിറ്റി രൂപീകരിച്ചു.

## കോടഞ്ചേരി മേഖല ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | വില്ല്യംസ് ഏഴാനിക്കാട്ട് |
| വൈസ് പ്രസിഡന്റ് | - | ജോബി കുമ്മായതൊട്ടിയിൽ |
| സെക്രട്ടറി | - | ജാൻസി നീറങ്കിയിൽ |
| ജോ. സെക്രട്ടറി | - | ഷാജി തറപ്പിൽ |
| ട്രഷറർ | - | വിപിൻ ചീരാംകുഴിയിൽ |

കൂടാതെ എല്ലാ ഇടവക പ്രസിഡന്റുമാരും എക്സിക്യുട്ടീവ് അംഗങ്ങൾ ആയിരിക്കും.

**ചെമ്പുകടവ് ഇടവക**

പ്രസിഡന്റ് - ജോബി കുമ്മായതൊട്ടിയിൽ
വൈസ് പ്രസിഡന്റ് - ഷാജു കോനുകുന്നേൽ
സെക്രട്ടറി - നീന അജയ് കുഴിമറ്റം
ജോ. സെക്രട്ടറി - സിനി കോനുകുന്നേൽ
ട്രഷറർ - സെബാസ്റ്റ്യൻ മുളഞ്ഞിതറപ്പേൽ

**കോടഞ്ചേരി ഇടവക**

പ്രസിഡന്റ് - ജോൺസൺ തെങ്ങുംതോട്ടത്തിൽ
വൈസ് പ്രസിഡന്റ് - വില്ല്യംസ് അമ്പാട്ട്
സെക്രട്ടറി - ബിജി ചാൾസ് തയ്യിൽ
ജോ. സെക്രട്ടറി - ലൗലി പാറയ്ക്കൽ
ട്രഷറർ - ഷിബു പുളിക്കൽ

**കണ്ണോത്ത് ഇടവക**

പ്രസിഡന്റ് - ബിബിൻ ചീരാംകുഴിയിൽ
വൈസ് പ്രസിഡന്റ് - ഷിനി വിൽസൺ തറപ്പേൽ
സെക്രട്ടറി - തോമസ് പൊൻകല്ലുങ്കൽ
ജോ. സെക്രട്ടറി - ബിന്ദു ചെമ്പോട്ടിക്കൽ
ട്രഷറർ - ഷാജി അറുകാക്കൽ

**മഞ്ഞുവയൽ ഇടവക**

പ്രസിഡന്റ് - പീറ്റർ ചാത്തംകണ്ടത്തിൽ
വൈസ് പ്രസിഡന്റ് - ജാൻസി നീറങ്കിയിൽ
സെക്രട്ടറി - ഷാജി നീറങ്കിയിൽ
ജോ. സെക്രട്ടറി - ഷിജി നീറങ്കിയിൽ
ട്രഷറർ - സേവ്യർ മാത്യു അന്നാശ്ശേരിൽ

**യൂത്ത് വിങ്ങ്**

പ്രസിഡന്റ് - സാവിയോ കേളംകുന്നേൽ
വൈസ് പ്രസിഡന്റ് - അലോന എലിസബത്ത് നീറങ്കിയിൽ
സെക്രട്ടറി - ആൻഡ്രീസ കപ്പിലുമാക്കൽ
ജോ. സെക്രട്ടറി - ജെറോം പാറയ്ക്കൽ
ട്രഷറർ - ഡോൺ തെങ്ങുംതോട്ടത്തിൽ

*എക്സിക്യൂട്ടീവ് അംഗങ്ങൾ*

1 മരിയ കേളംകുന്നേൻ

2 എമിലിൻ കപ്യാരുമലയിൽ

3 മരീന വാലോലിക്കൽ

4 ജെറോം കക്കുഴിയിൽ

5 ആൻസൺ അജയ് കുഴിമറ്റം

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

മാർച്ച് 12 ന് ശനിയാഴ്ച തിരുവമ്പാടി ഏരിയ കൗൺസിൽ, ആനക്കാംപൊയിൽ സെന്റ് മേരീസ് പള്ളിയിൽ വച്ചു ഏകദിന സെമിനാർ നടത്തുകയുണ്ടായി. തിരുവമ്പാടി ഏരിയ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ബഹു. ജോസ് ഓലിയക്കാട്ടിൽ അച്ചൻ ഉദ്ഘാടനം ചെയ്ത സെമിനാറിൽ ക്ലാസ്സ് എടുത്തത് ബഹുമാനപ്പെട്ട ജോൺ പള്ളിക്കാവയലിൽ അച്ചനാണ്. ഉച്ചഭക്ഷണത്തോടെ സമാപിച്ച സെമിനാറിൽ ഏകദേശം നൂറ്റമ്പത് പേർ പങ്കെടുത്തു.

കണ്ണോത്ത് സെന്റ് മേരീസ് പള്ളിയിൽ വച്ച് ഇടവക കോൺഫ്രൻസ്, പാവപ്പെട്ട 40 കുടുംബങ്ങൾക്ക് പ്രത്യേകിച്ച് രോഗികൾക്കായി ആയിരം രൂപ വീതം എല്ലാ മാസവും നൽകുന്ന പുതിയ സംരംഭത്തിന്റെ ഉദ്ഘാടനം ബഹു. ഡൊമിനിക് തൂങ്കുഴിയച്ചൻ നിർവ്വഹിച്ചു. വിൻസെന്റ് ഡി പോൾ സംഘടന പാവങ്ങൾക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അനുഗ്രഹപ്രഭാഷണം നടത്തിയ ബഹു. രൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ബഹു. തോമസ് നാഗപറമ്പിൽ അച്ചൻ വിശദീകരിച്ചു.

സി.സി. പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തിയ യോഗത്തിൽ കണ്ണോത്ത് ഇടവക സഹവികാരിയും, എ.സി പ്രസിഡന്റും മറ്റു മഹത് വ്യക്തികളും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയുണ്ടായി.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

**ഏപ്രിൽ 2022**

സിനഡൽ ചർച്ചകൾ എല്ലാ സബ്സോണുകളിലും (ഫൊറോനതലത്തിൽ) വളരെ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഓരോ സബ്സോണിൽ നിന്നും കിട്ടിയ റിപ്പോർട്ട്, സോണൽ സർവ്വീസ് ടീം, കോർഗ്രൂപ്പും ചർച്ച ചെയ്ത് ക്രോഡീകരിച്ച് രൂപതയിലേക്ക് ഫെബ്രുവരി 28ന് അയച്ചുകൊടുത്തു. ഇതിനായി നേതൃത്വം നൽകിയ സബ്സോൺ സർവ്വീസ്ടീമംഗങ്ങൾക്കും, കോർഡിനേറ്റു ചെയ്ത ജോൺസൺ സാറിനും അഭിനന്ദനങ്ങൾ.

**4-3-2022ന് കോർഗ്രൂപ്പ് കൂടി**

1. LSS എല്ലാ തലങ്ങളിലും എത്തേണ്ടതിന്റെ ആവശ്യം
2. യുവജനങ്ങൾ സഭയുടെ മുഖ്യധാരയിൽ പ്രവൃത്തിക്കുവാൻ
3. കുടുംബങ്ങൾ - കുടുംബത്തിൽ എല്ലാവരും വിശ്വാസത്തിലും കൂട്ടായ്മയിലും, പ്രേഷിതചൈതന്യത്തിലും വളരണം.
4. ഇടവകാതലത്തിൽ പ്രാർത്ഥനാഗ്രൂപ്പുകളിലേക്ക് വരുന്ന രണ്ടുവർഷക്കാലത്തേക്കുള്ള നേതൃത്വത്തെ, കോർഗ്രൂപ്പ് അംഗങ്ങളെ കണ്ടെത്താനും, അവരിൽ നിന്നും ലീഡറിനെ തിരഞ്ഞെടുക്കാനും.
5. നാഷണൽ തലത്തിൽ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ ബോംബയിൽ മെയ്മാസം 27, 28, 29 തിയ്യതികളിൽ ഓൺലൈനായി നടക്കുന്നു. ഫ്രാൻസീസ് മാർപ്പാപ്പ സന്ദേശം നൽകുന്നതാണ്. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് പൂർണ്ണദണ്ഡവിമോചനം സ്വീകരിക്കാനുള്ള അവസരമാണ്.

8-3-22ന് ഓൺലൈനായി സോണൽ സർവ്വീസ്ടീമും, സബ്സോൺ കോർഡിനേറ്റേഴ്സും, മിനിസ്ട്രികോർഡിനേറ്റേഴ്സും ഒരുമിച്ചുകൂടി. പ്രാർത്ഥനാഗ്രൂപ്പുകൾ പുതിയ നേതൃത്വത്തെ ഏപ്രിൽ 10നുള്ളിൽ കണ്ടെത്തി സബ്സോണിൽ ഏല്പിക്കേണ്ടതും സബ്സോൺ ഏപ്രിൽ 20നുള്ളിൽ സോണൽ സർവ്വീസ് ടീമിനെ ഏല്പിക്കേണ്ടതുമാണ്.

തിരഞ്ഞെടുപ്പിന്റെ വിജയത്തിനായി എല്ലാ ഇടവകകകളിലും, ഏകദിന സെമിനാറും, ദിവ്യകാരുണ്യആരാധനയും നടത്തുവാൻ പരിശ്രമിക്കുന്നു. ഇതിനകം തന്നെ കൂരാച്ചുണ്ട്, തോട്ടുമുക്കം, താമരശ്ശേരി സബ്സോണുകളിൽ ആരാധനയും, ഏകദിനവും ചില ഇടവകകളിൽ നടത്താൻ സാധിച്ചു.

യുദ്ധത്തിന്റെ ഭീതിയിലും, ദുരിതത്തിലും കഴിയുന്നവർക്കും, സഭ നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിനുമായി വിശ്വാസപ്രമാണം കൂടുതൽ പ്രാവശ്യം ചൊല്ലി പ്രാർത്ഥിക്കുവാനും തീരുമാനിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1പത്രോ.2:24).

ഈശോയുടെ പീഡാനുഭവത്തെ ധ്യാനിക്കുന്ന വലിയ നോമ്പിലെ ദിനങ്ങൾ ബഥാനിയ ധ്യാനകേന്ദ്രത്തിന് അനുഗ്രഹത്തിന്റെ ദിനങ്ങളായിരുന്നു. മാർച്ച് മാസത്തിൽ ബഥാനിയായിൽ നടത്തപ്പെട്ട വിവിധ ശുശ്രൂഷകളിലൂടെ അനേക ദൈവമക്കൾക്ക് ദൈവാനുഭവത്തിനും ദൈവാനുഗ്രഹത്തിനും കാരണമായി.

## ബഥാനിയാ ധ്യാനങ്ങൾ

മാർച്ച് മാസം 11 മുതൽ 14 വരെയും, 25 മുതൽ 28 വരെ തിയതികളിലായി താമസിച്ചുള്ള രണ്ട് ധ്യാനങ്ങളാണ് ബഥാനിയായിൽ നടത്തപ്പെട്ടത്. ദൈവസന്നിധിയിലിരുന്ന് തിരുവചനത്തിന്റെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ ജീവിതത്തെ വിലയിരുത്താനും ജീവിതം നവീകരിക്കാനും ഈ ധ്യാനത്തിലൂടെ സാധിച്ചു. ധ്യാനങ്ങൾക്ക് ബഥാനിയ ടീം നേതൃത്വം നൽകി.

## ഗത്സെമൻ പ്രാർത്ഥന

ഈശോയുടെ പീഡാനുഭവത്തിന്റെ ഏറ്റവും ത്രീവമായ മണിക്കൂറിൽ ഈശോ ശിഷ്യൻമാരോടൊപ്പം ഗത്സെമൻ തോട്ടത്തിൽ പ്രാർത്ഥിച്ചതിന്റെ ഓർമ്മ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ഒരു മണിക്കൂർ സമയം എങ്കിലും ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്കുവാൻ വേണ്ടി വിഭൂതി ദിനം മുതൽ 40-ാം വെള്ളി വരെ 24 മണിക്കൂറും ദിവ്യകാരുണ്യ ആരാധന നടത്തപ്പെടുന്നതാണ്.

## ഏകദിന കൺവെൻഷൻ

മാർച്ച് മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടത്തപ്പെട്ടു. അനേക മക്കൾക്ക് ദൈവാനുഗ്രഹത്തിന്റെ നിമിഷങ്ങളാണ് വെള്ളിയാഴ്ച നടത്തപ്പെടുന്ന ശുശ്രൂഷ. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, വിടുതൽ ശുശ്രൂഷ, വി. കുർബാന, കുമ്പസാരം എന്നിവ നടത്തപ്പെടുന്നു. ഉച്ചകഴിഞ്ഞ് 2 മണിക്ക് നേർച്ച ഭക്ഷണത്തോടെ ശുശ്രൂഷകൾ സമാപിക്കുന്നു.

## 101 മണിക്കൂർ ആരാധനയും ജപമാല സമർപ്പണവും

മാർച്ച് മാസത്തിലെ ബഥാനിയായിലെ എല്ലാ ശുശ്രൂഷകളെയും സമർപ്പിച്ച് 5-ാം തീയതി ആദ്യശനിയാഴ്ച രാവിലെ 7 മണി മുതൽ 9-ാം തീയതി ബുധനാഴ്ച 12 മണി വരെ 101 മണിക്കൂർ ആരാധനയും അഖണ്ഡജപമാലയും നടത്തി.

### മധ്യസ്ഥ പ്രാർത്ഥന

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി സമർപ്പിക്കപ്പെടുന്ന നിയോഗങ്ങൾക്കായി ബഥാനിയ ടീം എല്ലാ ദിവസവും പ്രത്യേകം പ്രാർത്ഥന നടത്തുന്നു.

### ഏപ്രിൽ മാസത്തെ പ്രോഗ്രാം

01 ആദ്യവെള്ളി - ഏകദിന കൺവെൻഷൻ

02 ആദ്യശനി - 101 മണിക്കൂർ ആരാധന (ആദ്യശനി രാവിലെ 7 മണി മുതൽ 6-ാം തീയതി ബുധൻ ഉച്ചയ്ക്ക് 12 മണി വരെ)

08 വെള്ളി - ഏകദിന കൺവെൻഷൻ (40-ാം വെള്ളി)

10 ഞായർ - പീഡാനുഭധ്യാനം (10-13)

22 - 25 വെള്ളി - ഏകദിന കൺവെൻഷൻ ജീവിതവിശുദ്ധീകരണ ധ്യാനം

29 വെള്ളി - ഏകദിന കൺവെൻഷൻ

### ക്രിസ്റ്റിൻ ധ്യാനം

മെയ് 1-4 വരെ 4, 5, 6 ക്ലാസ്സുകളിലെ കുട്ടികളുടെ ധ്യാനം. ധ്യാനം നയിക്കുന്നത് ജോർദ്ദാനിയ ടീം തൃശ്ശൂർ.

മെയ് 17-20 വരെ 7, 8, 9 ക്ലാസ്സുകളിലെ കുട്ടികളുടെ ധ്യാനം. ധ്യാനം നയിക്കുന്നത് സീയോൻ ടീം കണ്ണൂർ.

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

## കെ.സി.വൈ.എം. എസ്.എം.വൈ.എം

### സിനഡാലിറ്റി ചർച്ച നടത്തി

അസാധാരണ സിനഡ് 202123 നോട് അനുബന്ധിച്ച് കെ.സി.വൈ.എം-എസ്.എം.വൈ.എം താമരശ്ശേരി രൂപതയിലെ യുവജനങ്ങളുടെ അഭിപ്രായ സ്വരൂപണത്തിന്റെ ഭാഗമായി യൂണിറ്റ് മേഖലാ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും രൂപതാസമിതി അംഗങ്ങളുടെയും യോഗം ഫെബ്രുവരി 24 ന് ഓൺലൈനായി നടത്തപ്പെട്ടു. രൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ നേതൃത്വം നൽകി.

## തണൽ വീട് വെഞ്ചിരിപ്പ്

കെ.സി.വൈ.എം എസ്.എം.വൈ.എം താമരശ്ശേരി രൂപതയും എസ്.എം. വൈ.എം. അബുദാബിയും സംയുക്തമായി കാറ്റുള്ളമല ഇടവകയിൽ നിർമ്മിച്ച തണൽ വീടിന്റെ വെഞ്ചിരിപ്പ് കർമ്മം ഫെബ്രുവരി 26 ന് രാവിലെ താമരശ്ശേരി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, കാറ്റുള്ളമല ഇടവക വികാരി ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ, രൂപത പ്രസിഡണ്ട് ശ്രീ അഭിലാഷ് കുടിപ്പാറ, റിച്ചാൾഡ് ജോൺ, വിശാഖ് തോമസ്, കുടുംബാംഗങ്ങൾ, കെ സി വൈ എം പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ഈ വീടിന്റെ നിർമ്മാണത്തിനായി ഉദാരമായി സംഭാവനകൾ നൽകിയ എല്ലാം യൂണിറ്റുകൾക്കും സുമനസ്സുകൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

## LEAD 22 യൂണിറ്റ് നേതാക്കന്മാരുടെ നേതൃ പരിശീലന ക്യാമ്പ്

യൂണിറ്റ് നേതാക്കന്മാർക്ക് വേണ്ടിയുള്ള നേതൃത്വ പരിശീലന ശിൽപശാല LEAD '22 ഫെബ്രുവരി 26, 27 തീയതികളിൽ കൂടത്തായി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. 150 ലധികം യൂണിറ്റ് നേതാക്കന്മാർ ക്യാമ്പിൽ പങ്കെടുത്തു. ശ്രീ. ഷൈജു അതിരമ്പുഴ, ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, ഫാ. മാത്യു തൂമുള്ളിൽ, സി. ജിനു എം.എസ്.ജെ. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി.

വിശുദ്ധ കുർബാനയും പ്രസംഗ പരിശീലനം, നേതൃ പരിശീലനം, വ്യക്തിത്വ വികസന തടസ്സങ്ങൾ, സമുദായ ശാക്തീകരണം, യുവജന ആത്മീയത എന്നീ വിഷയങ്ങൾ സംബന്ധിച്ച ക്ലാസ്സുകളും പ്രായോഗിക സെഷനുകളും ഉൾക്കൊള്ളിച്ചാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. കൂടത്തായി സ്കൂൾ പ്രിൻസിപ്പൽ ഫാ. സിബി, കെസിവൈഎം യൂണിറ്റ് ഡയറക്ടർ ഫാ. ബിനേഷ് എന്നിവർക്കും മറ്റു വൈദികർക്കും മേഖല നേതാക്കന്മാർക്കും യൂണിറ്റ് ഭാരവാഹികൾക്കും ഹൃദയപൂർവ്വം നന്ദി.

## സമാധാന ദീപം തെളിച്ചു

'യുദ്ധങ്ങൾ ഒന്നിനും പരിഹാരമല്ല, സമാധാനമാണ് ലോകമെങ്ങും പടരേണ്ടത്' എന്നസന്ദേശം ഉയർത്തി റഷ്യ ഉക്രയിൻ യുദ്ധം അവസാനിക്കുന്നതിനായി ഫെബ്രുവരി 26ന് താമരശ്ശേരി മേഖലയുടെ ആതിഥേയത്വത്തിൽ 'സമാധാനവെട്ടം' തെളിയിച്ചു. കൂടത്തായി വെച്ച് നടന്ന പരിപാടി യുദ്ധരഹിത പ്രതിജ്ഞ ചൊല്ലിക്കൊണ്ട് രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ ഉദ്ഘാടനം ചെയ്തു.

## നിങ്ങളെ ഏറ്റവും കൂടുതൽ ആകർഷിച്ച വനിത: വീഡിയോ മേക്കിങ് മത്സരം

മാർച്ച് 8 വനിതാ ദിനത്തോടനുബന്ധിച്ച് വിമൻസ് വിംഗിന്റെനേതൃത്വത്തിൽ യുവതികൾക്കായി 'The women who inspire you most" എന്ന വിഷയത്തെ അടിസ്ഥാനമാക്കി വീഡിയോ മേക്കിങ് മത്സരം സംഘടിപ്പിച്ചു.

### വിജയികൾ

ഒന്നാം സ്ഥാനം: സാന്ദ്ര മരിയ ജോളി, തിരുവമ്പാടി ഇടവക

രണ്ടാം സ്ഥാനം: ജോസിയ പുളിക്കക്കുന്നേൽ, തിരുവമ്പാടി ഇടവക

## തൊഴിൽമേളയിൽ പങ്കാളികളായി

തിരുവമ്പാടി അൽഫോൻസ കോളേജും ജി-ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ സെന്ററും സംയുക്തമായി സംഘടിപ്പിച്ച തൊഴിൽമേളയിൽ കെസിവൈഎം എസ്.എം.ഐ.എം. താമരശ്ശേരി രൂപത പങ്കാളികളാക്കുകയും ഉദ്യോഗാർഥികൾക്ക് ആവശ്യമായ ഭക്ഷണ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

## പരീക്ഷ ഒരുക്ക സെമിനാർ നടത്തി

പെരിന്തൽമണ്ണ മേഖലയുടെ ആതിഥേയത്വത്തിൽ മാർച്ച് 12 ശനിയാഴ്ച മരിയാപുരം ഫാത്തിമ മാതാ ഫൊറോന ദേവാലയത്തിൽ വച്ച് എസ്.എസ്.എൽസി., പ്ലസ് ടു വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷ ഒരുക്ക സെമിനാറും കരിയർ ഗൈഡൻസ് ക്ലാസും ദൈവവിളിബോധവൽക്കരണവും സംഘടിപ്പിച്ചു. രാവിലെ 9.30 ന് ആരംഭിച്ച വിശുദ്ധ കുമ്പസാരത്തിനും ആരാധനയ്ക്കും ശേഷം നടന്ന ഉദ്ഘാടന ചടങ്ങിൽ രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനാവുകയും മരിയാപുരം ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു. ശ്രീ. ജിയോ കാപ്പൻ, ശ്രീ. റോബിൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. 150 ഓളം വിദ്യാർത്ഥികൾ പെരിന്തൽമണ്ണ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും മരിയാപുരം ഇടവകയിൽ നിന്നുമായി പങ്കെടുത്തു. പരിപാടിയുടെ വിജയത്തിനായി അധ്വാനിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി.

## വനിതാദിനാഘോഷം

വിമൻസ് വിംഗിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ വനിതാദിനാഘോഷം 'SIDRA' മാർച്ച് 12ന് ഓൺലൈനായി സംഘടിപ്പിക്കപ്പെട്ടു. രൂപതാ വൈസ് പ്രസിഡന്റ് അഖില തോമസ് അധ്യക്ഷയായ യോഗത്തിൽ അധ്യാപികയും മോട്ടിവേഷൻ സ്പീക്കറുമായ മെർലിൻ മേരി മാത്യു യോഗം ഉദ്ഘാടനം ചെയ്തു. അറുപതോളം വനിതാ പ്രതിനിധികൾ പ്രോഗ്രാമിൽ പങ്കെടുത്തു. രൂപത ആനിമേറ്റർ സി. ഷാർലറ്റ് സിഎംസി ആമുഖ സന്ദേശം നൽകി. കയ്യെഴുത്തു മാസികയായ 'അവൾ' എന്ന പേര് അന്നേദിവസം പ്രഖ്യാപിച്ചു.

## 'MENTOR' അനിമേറ്റേഴ്സ് മീറ്റ്

മേഖല യൂണിറ്റ് ആനിമേറ്റർമാരുടെ രൂപതാതല സംഗമം മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് മാർച്ച് 20 ഞായറാഴ്ച നടത്തി. രൂപത അനിമേറ്റർ സി. ഷാർലറ്റ് സിഎംസി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ അൻപതോളം യൂണിറ്റ് മേഖലാ ആനിമേറ്റേഴ്സ് പങ്കെടുത്തു. വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച പരിപാടി സെമിനാർ, ഗ്രൂപ്പ് ചർച്ചകൾ, വിശദീകരണങ്ങൾ, കർമ്മ പദ്ധതി വിശദീകരണം, സംഘടന പ്രവർത്തന അവലോകനം, പഠന വിഷയാവതരണം എന്നിവയ്ക്കുശേഷം ഉച്ചയോടുകൂടി സമാപിച്ചു. പങ്കെടുത്ത എല്ലാ യൂണിറ്റ് മേഖല ആനിമേറ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി.

## പ്രതിഷേധം രേഖപ്പെടുത്തി

1. കേരളത്തിലെ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ അവകാശമായ യാത്ര കൺസെഷൻ നിഷേധിക്കാനുള്ള ഗതാഗത മന്ത്രിയുടെ നീക്കത്തിൽ പ്രതിഷേധം രേഖപ്പെടുത്തി.
2. മാർച്ച് 18ന് റോമിലെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ ലെയോണാർദോ സാന്ദ്രിയുടെയും സീറോ മലബാർ സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനെന്റെയും കോലങ്ങൾ കത്തിച്ച എറണാകുളം അങ്കമാലി അതിരൂപതയിലെ വിമത ആത്മായ നേതാക്കളുടെ നടപടിയിൽ കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപത പ്രതിഷേധം അറിയിച്ചു.

## ആദരാഞ്ജലികൾ

മുൻ രൂപതാ വൈസ് പ്രസിഡന്റും മുൻ കൂരാച്ചുണ്ട് മേഖല പ്രസിഡന്റും പെരുവണ്ണാമുഴി ഇടവകാംഗമായ ബിജു തോണക്കരയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും മൃതസംസ്കാര ശുശ്രൂഷയിൽ രൂപതാ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു.

## മറ്റ് പരിപാടികൾ

1. രൂപത എക്സിക്യൂട്ടീവ് യോഗം മാർച്ച് 11 ന് താമരശ്ശേരിയിൽ ചേർന്നു.
2. മേഖലാ പ്രസിഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും യോഗം മാർച്ച് 20ന് രൂപതാ ഭവനിൽ ചേർന്നു.
3. ബ്ലഡ് ഡൊണേഷൻ ആർമി വിപുലീകരണം ആരംഭിച്ചു.
4. മാർച്ച് 1 ന് എറണാകുളം പിഒസിയിൽ വെച്ച് നടന്ന ആത്മ ഡയറക്ടേഴ്സ് അനിമേറ്റേഴ്സ് മീറ്റിംഗിൽ രൂപതയിൽ നിന്നും ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, അനിമേറ്റർ എന്നിവർ പങ്കെടുത്തു.

## മേഖലാ വാർത്തകൾ

### 1. പരീക്ഷ ഒരുക്ക സെമിനാറുകൾ

തോട്ടുമുക്കം മേഖലയുടെ നേതൃത്വത്തിൽ ചുണ്ടത്തുംപൊയിൽ ഇടവകയിൽ വച്ച് പരീക്ഷ ഒരുക്ക സെമിനാർ നടത്തി. വിലങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ വിലങ്ങാട് ദേവാലയത്തിൽവച്ച് പരീക്ഷ ഒരുക്ക സെമിനാർ നടത്തി. തിരുവമ്പാടി മേഖലയുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക സെമിനാർ നടത്തി.

2. വാഹനാപകടത്തിൽ പരിക്കേറ്റ കക്കയം യൂണിറ്റ് അംഗമായകെസിവൈഎം പ്രവർത്തകനു വേണ്ടി കക്കയം യൂണിറ്റിന്റെയും കൂരാച്ചുണ്ട് മേഖലയുടെയും നേതൃത്വത്തിൽ ധനസമാഹരണം നടത്തുകയും സഹായം എത്തിക്കുകയും ചെയ്തു.

3. മേഖലകളുടെ യൂണിറ്റ് സന്ദർശന പരിപാടിയായ പ്രയാൺ നടന്നുവരുന്നു.

## അറിയിപ്പുകൾ

### *1. ഈസ്റ്റർ ബംബർ കൂപ്പൺ*

ഈസ്റ്ററിനോടനുബന്ധിച്ച് താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ഈസ്റ്റർ ബംബർ സമ്മാനക്കൂപ്പൺ പുറത്തിറക്കുന്നു. മികച്ച സമ്മാനങ്ങൾ നൽകുന്ന ഈ മത്സര കൂപ്പൺ എല്ലാ യൂണിറ്റുകളിലും യുവജനങ്ങൾ മുഖേന വിതരണം ചെയ്യാൻ സൗകര്യമൊരുക്കണമെന്നും ഇടവകയിൽ അറിയിക്കണമെന്നും ബഹുമാനപ്പെട്ട വികാരിയച്ചൻമാരോട് അഭ്യർത്ഥിക്കുന്നു.

### *2. രൂപതാതല കുരിശിന്റെ വഴി*

കെസിവൈഎം എസ് എം വൈ എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടത്തിവരുന്ന രൂപതാതല കുരിശിന്റെ വഴി ചാത്തൻകോട്ട്നടയിൽ നിന്നും പൊയിലോംചാലിലേക്ക് ക്രമീകരിക്കുന്നു.

ഏപ്രിൽ ഒന്നാം തീയതി മുപ്പത്തിമൂന്നാം വെള്ളിയാഴ്ച വൈകീട്ട് 3 മണിക്ക് ചാത്തൻകോട്ട്നട പള്ളിയിൽ നിന്നും ആരംഭിച്ച് പൊയിലോംചാൽ ഇടവക ദേവാലയത്തിൽ വിശുദ്ധ കുർബാനക്കുശേഷം നൽകുന്ന നേർച്ച കഞ്ഞിയോടുകൂടി സമാപിക്കുന്നു. മരുതോങ്കര മേഖലയിലേയും വിലങ്ങാട്, കൂരാച്ചുണ്ട് മേഖലകളിലെയും യുവജനങ്ങളുടെയും ദൈവജനത്തിന്റെയും പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

### *3. റീജിയണൽ യൂത്ത് കൺവെൻഷൻ*

കൂരാച്ചുണ്ട്, വിലങ്ങാട്, മരുതോങ്കര ഫൊറോനകൾ ഉൾപ്പെടുന്ന മരുതോങ്കര റീജിയണൽ യൂത്ത് കൺവെൻഷൻ ഏപ്രിൽ 29 മുതൽ മേയ് രണ്ടു വരെ ചെമ്പനോട

റെയ്മണ്ട് സ്കൂളിൽ വച്ച് നടത്തുന്നു. നാല് ദിവസത്തെ യുവജന കൺവെൻഷനിൽ നാനൂറോളം യുവജനങ്ങളെ പ്രതീക്ഷിക്കുന്നു. കൺവെൻഷൻ രജിസ്ട്രേഷൻ ഫോമുകൾ ഈ ദിവസങ്ങളിൽ റീജിയണിലെ ഇടവകകളിൽ എത്തിക്കുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ കൺവെൻഷൻ സംബന്ധിക്കുന്ന വിവരങ്ങൾ പള്ളികളിൽ അറിയിക്കുമല്ലോ. മൂന്ന് മേഖലയിലെയും ഓരോ ഇടവകയിൽ നിന്നും 10 യുവജനങ്ങളെ കൺവെൻഷനിലേക്ക് തെരഞ്ഞെടുത്ത് അയക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

### 4. നിലാവ് കൂട്ടം 22

ഇടവകയിലെ യുവജനങ്ങളെ ഒന്നിപ്പിച്ചു കൊണ്ട് നടത്തുന്ന നിലാവ് കൂട്ടം പരിപാടി ഏപ്രിൽമെയ് മാസങ്ങളിൽ യൂണിറ്റുകളിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. വൈകീട്ട് 3. 30 മുതൽ 8. 30 വരെ ക്രമീകരിച്ചിരിക്കുന്ന ഈ സായാഹ്ന പരിപാടി രൂപതയിൽ നിന്നും സൗജന്യമായി നടത്തിതരുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ തീയതി നിശ്ചയിച്ച് അറിയിക്കുമല്ലോ. ഇടവകയുടെ പശ്ചാത്തലം അനുസരിച്ച് സമയ ക്രമീകരണത്തിൽ മാറ്റങ്ങൾ വരുത്തുന്നതാണ്.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

## കത്തോലിക്കാ കോൺഗ്രസ്

### മേഖലാ ജനറൽബോഡി, മേഖല സംഗമങ്ങൾ

മേഖലതല ജനറൽബോഡി യോഗങ്ങൾ മാർച്ച് ഒന്നാം തീയതി പാറോപ്പടി മേഖലയിലും മാർച്ച് ആറാം തീയതി പെരിന്തൽമണ്ണ ഫൊറോനയിലും നടത്തി. രൂപതാ സമിതി അംഗങ്ങളുടെ സന്ദർശനവും മേഖല സംഗമവും നടന്നു. നേതൃത്വം നൽകിയ ഫൊറോന വികാരി അച്ഛന്മാർക്കും ഭാരവാഹികൾക്കും രൂപതാ സമിതി, മേഖലാ സമിതി അംഗങ്ങൾക്കും നന്ദി.

### സമാധാനത്തിനായി പ്രാർത്ഥനാദിനം ആചരിച്ചു

രൂപതാ സമിതി നിർദ്ദേശപ്രകാരം മാർച്ച് 6 പ്രാർത്ഥന ദിനമായി ആചരിച്ചു. റഷ്യ-യുക്രെൻ യുദ്ധം അവസാനിക്കുന്നതിനും ലോകസമാധാനത്തിനുമായി യൂണിറ്റുകളിൽ ദീപം തെളിച്ച് പ്രാർത്ഥന നടത്തി.

### വനിതാദിന സംഗമത്തിൽ പങ്കെടുത്തു

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടത്തിയ വനിതാ ദിനാചരണത്തിൽ രൂപതയിൽ നിന്നുള്ള Womens council അംഗങ്ങൾ പങ്കെടുത്തു.ഗ്ലോബൽ ബിഷപ്പ് ലെഗേറ്റ് മാർ

റെമീജിയൂസ് ഇഞ്ചനാനിയിൽ മുഖ്യ പ്രഭാഷണം നടത്തി. ശ്രീമതി ആൻസി ജോസഫ് ക്ലാസ്സ് നയിച്ചു.

## മെഗാ ജോബ് ഫെയർ

മാർച്ച് 12 തിരുവമ്പാടി അൽഫോൻസാ കോളേജിന്റെയും G-Tec കമ്പ്യൂട്ടർ സെന്ററിന്റെയും നേതൃത്വത്തിൽ നടത്തിയ ജോബ് ഫെയറിൽ എ.കെ.സി.സി യും പങ്കുകാരായി.

## IGNITE - 22 ഗ്ലോബൽ നേതൃസംഗമത്തിൽ പ്രതിനിധികൾ പങ്കെടുത്തു

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി സംഘടിപ്പിച്ച ഇഗ്നൈറ്റ് 22 സംഗമം മാർച്ച് 12, 13 തീയതികളിൽ എറണാകുളം POC യിൽ വച്ച് നടന്നു. താമരശ്ശേരി രൂപയിൽ നിന്ന് ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ, പ്രസിഡൻറ് ഡോ. ചാക്കോ കാളംപറമ്പിൽ, ട്രഷറർ ജോയ് നെല്ലിക്കുന്നേൽ, ഗ്ലോബൽ സെക്രട്ടറിമാരായ ട്രീസ സെബാസ്റ്റ്യൻ ബേബി പെരുമാലിൽ, യൂത്ത് വിംഗ് കോഡിനേറ്റർ ഷാന്റോ തകിടിയിൽ, ജോമോൻ മതിലകത്ത്, ആൻസ്റ്റെഫി എന്നിവർ പങ്കെടുത്തു

## ഹാർട്ട് ലിങ്സ് ഭവന നിർമ്മാണം പൂർത്തിയായി

ആനക്കാംപൊയിൽ ഇടവകയിൽ നടത്തിവന്ന ഭവനത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായി. ആനക്കാംപൊയിൽ ഇടവക വികാരി ഫാ. അഗസ്റ്റിൻ ആലുങ്കലച്ചനും സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി.

## അറിയിപ്പുകൾ

1. ട്രേഡ് നെറ്റ്‌വർക്കിംഗ്

   ചെറുകിട വൻകിട കച്ചവടരംഗത്ത് രൂപതയിൽ മികച്ച നിൽക്കുന്നതും വളർന്നു വരുന്നതുമായ വ്യക്തികളെ ഒന്നിച്ചുചേർത്ത് പരസ്പരബന്ധിതമായി പ്രവർത്തിക്കുന്ന ട്രേഡ് നെറ്റ്‌വർക്കിങ് സംവിധാനം രൂപപ്പെടുത്താൻ പദ്ധതി ഒരുക്കുന്നു.
2. ഭൂനികുതി വർദ്ധിപ്പിച്ചതിനെതിരെ യൂണിറ്റുകൾ തോറും പ്രതി ഷേധയോഗങ്ങൾ സംഘടിപ്പിക്കുന്നു.
3. മാർച്ച് 27ന് AOCC യുടെ നേതൃത്വത്തിൽ കത്തോലിക്ക കോൺഗ്രസിന്റെ സഹകരണത്തോടെ എൻലൈറ്റൻ സമുദായ ബോധവൽക്കരണ വെബിനാർ സംഘടിപ്പിക്കുന്നു.
4. കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ രൂപീകരണത്തിന് ബഹുമാനപ്പെട്ട വൈദികരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# യേശുനിധി

21.02.2021 മുതൽ 20.03.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Home

| | | |
|---|---|---|
| 1 | Chempanoda | 15,000.00 |
| 2 | Karuvarakundu | 20,000.00 |
| 3 | Kattipara | 10,000.00 |
| 4 | Koorachundu | 8,000.00 |
| 5 | Koorachundu | 8,000.00 |
| 6 | Padathukadave | 20,000.00 |
| 7 | Vaniambalam | 20,000.00 |
| 8 | Venappara | 20,000.00 |

## Medical

| | | |
|---|---|---|
| 9 | Amalapuri | 20,000.00 |
| 10 | Chempanoda | 20,000.00 |
| 11 | Koomully | 20,000.00 |
| 12 | Koorachundu | 8,000.00 |
| 13 | Kuliramutty | 15,000.00 |
| 14 | Kuppayakode | 10,000.00 |
| 15 | Kuttipuram | 20,000.00 |
| 16 | Pedikappara | 20,000.00 |
| 17 | Poovaramthode | 20,000.00 |
| 18 | Puthuppady | 20,000.00 |
| 19 | Thamarassery | 5,000.00 |
| 20 | Thamarassery | 20,000.00 |
| 21 | Thamarassery | 15,000.00 |
| 22 | Theyyappara | 15,000.00 |
| 23 | Vilangad | 10,000.00 |

## Marriage

| | | |
|---|---|---|
| 24 | Kalkundu | 25,000.00 |
| 25 | Kuppayakode | 15,000.00 |
| 26 | Thamarassery | 10,000.00 |
| 27 | Thamarassery | 10,000.00 |

## Miscellaneous

| | | |
|---|---|---|
| 28 | Kuttipuram | 20,000.00 |
| 29 | Mukkam | 10,000.00 |
| | **Total** | **4,49,000.00** |

ഫാ. മാത്യു പുളിമൂട്ടിൽ
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ഫെബ്രുവരി

1 ഉച്ചകഴിഞ്ഞ്, താമരശ്ശേരി മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽ നടന്ന ഇൻഫാം എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

2 രാവിലെ, പാറോപ്പടി ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

3 രാവിലെ, അൽഫോൻസാഭവൻ കപ്പേളയിൽ ഡിഗ്രി വൈദികവിദ്യാർത്ഥികളുടെ മാസധ്യാനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഒരു മനസ്സമ്മതം ആശീർവ്വദിച്ചു.

4 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതനായ വർഗ്ഗീസ് പുതിയാപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

പനംപ്ലാവ് ഇടവക ദൈവാലയ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റ് നടത്തി, വിശുദ്ധ കുർബാനയർപ്പിച്ച് ഇടവകയിൽ പുതുക്കിപ്പണിത സിമിത്തേരിയുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

5 രാവിലെ, താമരശ്ശേരി ആരാധനാമഠം സന്യാസിനീസമൂഹത്തിന്റെ പ്രവിശ്യാഭവൻ കപ്പേളയിൽ ഏതാനും സന്യാസിനിമാരുടെ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

രൂപതാഭവനിൽ കെ.സി.വൈ.എം. രൂപതാ സമിതി അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

7 രാവിലെ, പാറോപ്പടി ഇടവക ദൈവാലയത്തിൽ ഒരു മനസ്സമ്മതം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, ഓൺലൈനായി സംഘടിപ്പിച്ച ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

8 – 19 സാൻ ഫ്രാൻസിസ്കോയിലെ സെന്റ് അൽഫോൻസ സീറോ മലബാർ ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

20 രാവിലെ, ദുബായിൽ സംഘടിപ്പിച്ച യു.എ.ഇ. യിലെ വിവിധ രാജ്യങ്ങളിലെ കത്തോലിക്കാ കോൺഗ്രസ് പ്രതിനിധികളുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

22 വൈകുന്നേരം, താമരശ്ശേരി ചാവറാഭവൻ ആശുപത്രി കപ്പേളയിൽ ഏതാനും സന്യാസിനിമാരുടെ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

23 രാവിലെ, രൂപതാഭവനിൽ വിവിധ സംഘടനാ ഡയറക്ടർമാരുടെ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

സി.ഒ.ഡി. എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ് മാർ തോമസ് ജെ. നെറ്റോയെ രൂപതാഭവനിൽ സ്വീകരിച്ചു.

താമരശ്ശേരി എസ്.എം.എം.ഐ സന്യാസിനീ ഭവൻ കപ്പേളയിൽ ഒരു സന്യാസിനിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

24 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ സ്വപിതാവിന്റെ ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

25 ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജ് ക്യാമ്പസ്സിൽ, പുതിയ ഹോസ്റ്റൽ കെട്ടിടത്തിന് തറക്കല്ലിട്ടു.

വെണ്ടേക്കുംപൊയിൽ ഇടവക സന്ദർശിച്ച് വികാരിയച്ചനും ഇടവക പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, കക്കാടംപൊയിൽ ഇടവക ദൈവാലയത്തിൽ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

27 രാവിലെ, പുല്ലാഞ്ഞിമേട് യേശുഭവനിൽ പരേതയായ എം.എസ്.ജെ. സന്യാസിനി സമൂഹാംഗം സി. ഗൊൺസാഗയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ്, മരിയാപുരം ഇടവക ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ച് പുതിയ വൈദികമന്ദിരത്തിന്റെയും കുരിശിന്റെ വഴിയുടെയും വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

28 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

പുല്ലാഞ്ഞിമേട് അൽഫോൻസ സ്കൂൾ ഹോസ്റ്റൽ കെട്ടിടത്തിന് തറക്കല്ലിട്ടു.

ക്ലരീഷ്യൻ സന്യാസ സമൂഹത്തിന്റെ അങ്കമാലി സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോസ് തേമ്പള്ളിലിനെ രൂപതാഭവനിൽ സ്വീകരിച്ചു.

കോഴിക്കോട് ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി. ടീന എസ്.കെ.ഡി. യെ രൂപതാഭവനിൽ സ്വീകരിച്ചു.

## മാർച്ച്

1 വൈകുന്നേരം, ചിപ്പിലിത്തോട് ഫിലിപ്പ് നേരി സന്യാസിനീഭവനിലെ നവീകരിച്ച കപ്പേളയുടെ വെഞ്ചരിപ്പ് നടത്തി വി. കുർബാനയർപ്പിച്ചു.

2 ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായുള്ള കൂടിക്കാഴ്ചയ്ക്ക് കരുവാരകുണ്ട് ഫൊറോനയിലെ വാണിയമ്പലം ഇടവകയിൽ തുടക്കം കുറിച്ചു.

തുടർന്ന് അടയ്ക്കാക്കുണ്ട്, കാളികാവ്, ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, ചക്കിട്ടപാറ ഇടവകയിൽ പരേതയായ മുട്ടത്തുകുന്നേൽ ത്രേസ്യയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

3 രാവിലെ, കേരളാ സ്റ്റേറ്റ് മൈനോരിറ്റീസ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മേധാവിയെ രൂപതാഭവനിൽ സ്വീകരിച്ചു.

4 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരി കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

മുൻമന്ത്രി കട്ടിപ്പാറ ഇടവകയിൽ പറതൂക്കിയിൽ സിറിയക് ജോണിന്റെ ഭാര്യ പരേതയായ അന്നക്കുട്ടിയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി.

ഉച്ചകഴിഞ്ഞ്, രൂപതാ ഭവനിൽ താമരശ്ശേരി രൂപതാ എഡ്യുക്കേഷനൽ ഏജൻസി ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

5 രാവിലെ, രൂപതാഭവനിൽ മാതൃവേദിയുടെ രൂപതാ ഭാരവാഹികളുടെ സ്ഥാനാരോഹണവും, വാർഷികാഘോഷങ്ങളും ഉദ്ഘാടനം ചെയ്തു, സമ്മാന വിതരണം നടത്തി.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് സമുദ്ര ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന കെ-റെയിൽ പദ്ധതിയുടെ വിശദീകരണ യോഗത്തിൽ സംബന്ധിച്ചു.

6 രാവിലെ, കക്കയം ഇടവക ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു. വികാരിയച്ചനും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനീ ഭവനിൽ സന്യാസിനികൾക്ക് ക്ലാസ്സെടുത്തു.

7 രാവിലെ, പാണക്കാട് പരേതനായ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ഭവനം സന്ദർശിച്ച് ബന്ധുമിത്രാദികളോട് അനുശോചനം രേഖപ്പെടുത്തി.

നെന്മിനി-ഒറവുംപുറം, വെട്ടത്തൂർ, താഴെക്കോട്, പൊന്ന്യാംകുറിശ്ശി, വലമ്പൂർ-മങ്കട ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

8 പെരിന്തൽമണ്ണ, ചീരട്ടാമല, മരിയാപുരം, മാലാപറമ്പ്, പാലൂർകോട്ട, കുറ്റിപ്പുറം ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, ഓൺലൈനായി നടന്ന കത്തോലിക്ക കോൺഗ്രസ് പ്രവർത്തനസമിതി യോഗത്തിൽ സംബന്ധിച്ചു.

9 രാവിലെ, താമരശ്ശേരി പ്രേഷിതാരാം സന്യാസിനി സമൂഹാംഗം പരേതയായ സി. ലിൻസിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാലടി പ്രേഷിതാരാം ജനറലേറ്റിൽ നേതൃത്വം നൽകി.

കൂമംകുളം, മഞ്ചേരി ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

10 മലപ്പുറം, പന്തല്ലൂർ, ഊരകം, തിരൂർ, കോട്ടക്കൽ ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

11 ഉച്ചകഴിഞ്ഞ്, ഹെരാൾഡ്സ് ഓഫ് ഗുഡ് ന്യൂസ് സെന്റ് പോൾ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. സെൽവൻ ലാസറിനെ രൂപതാഭവനിൽ സ്വീകരിച്ചു.

12-13 പാലാരിവട്ടം പി.ഒ.സി. യിൽ കത്തോലിക്ക കോൺഗ്രസ് രൂപതാ ഭാരവാഹികൾക്കായി സംഘടിപ്പിച്ച നേതൃത്വ പരിശീലന പരിപാടിയിൽ (ഇഗ്നൈറ്റ് 2022) സംബന്ധിച്ചു.

14 പുഷ്പഗിരി, കക്കാടംപൊയിൽ, പീടികപ്പാറ-കോനൂർക്കണ്ടി, പനംപ്ലാവ് ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, താമരശ്ശേരി സനാതന മേജർ സെമിനാരിയിൽ കല്ല്യാൺ രൂപതാദ്ധ്യക്ഷൻ മാർ തോമസ് ഇലവനാൽ പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

15 രാവിലെ, താമരശ്ശേരി സനാതന മേജർ സെമിനാരി കപ്പേളയിൽ ഏതാനും വൈദികാർത്ഥികൾക്ക് മ്ശംമ്ശാന പട്ടം നൽകി.

മരഞ്ചാട്ടി, ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, വാലില്ലാപ്പുഴ ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

16 ചിപ്പിലിത്തോട്, നൂറാംതോട്, പുതുപ്പാടി, മൈലെള്ളാംപാറ, ഈങ്ങാപ്പുഴ, കൂടത്തായി ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, കണ്ണോത്ത് ഇടവകയിൽ പരേതനായ ചക്കാലയിൽ സി.എം. ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ നേതൃത്വം നൽകി.

17 കാക്കവയൽ, ചമൽ, കട്ടിപ്പാറ, തലയാട്, ബാലുശ്ശേരി, താമരശ്ശേരി ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

18 രാവിലെ, കൂരാച്ചുണ്ട് സെന്റ് ജോസഫ്സ് ഓൾഡ് ഏജ് ഹോമിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

കോഴിക്കോട് മാതൃഭൂമി ദിനപത്രം സ്ഥാപിച്ചതിന്റെ 100-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽ പരേതനായ ഈശോ സഭാംഗം ഫാ. ഫിലിപ്പ് തയ്യിലിന് വേണ്ടി ഒപ്പീസ് ചൊല്ലി.

19 രാവിലെ, കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് പുതിയ വൈദികമന്ദിരത്തിന് തറക്കല്ലിട്ടു.

ചെമ്പനോട ഇടവക ദൈവാലയത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, പെരുവണ്ണാമൂഴിയിൽ ശ്രീ. ജോൺസൺ മഠത്തിനകത്ത് നിർമ്മിച്ച് വിൽപ്പനയ്ക്ക് തയ്യാറാക്കിയ എൽ. ഇ. ഡി. ജപമാലയുടെ ഉദ്ഘാടനവും, നിർമ്മാണയൂണിറ്റിന്റെ വെഞ്ചരിപ്പും നിർവ്വഹിച്ചു.

വൈകുന്നേരം, കരിയാത്തുംപാറ ഇടവക ദൈവാലയത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. വികാരിയച്ചനും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

20 രാവിലെ, കുന്നമംഗലം ഇടവക ദൈവാലയത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് റാസ കുർബാനയർപ്പിച്ചു.



# Pope on St. Thomas the Apostle



The Pope reflected on the disciples differing reactions “when Jesus made himself visible after the Resurrection”. Some rejoiced, others were filled with doubt. Thomas, to whom the Lord only showed himself eight days after he had shown himself to the others, was even incredulous. “The Lord”, the Pope said, “knows when and how to do things”. He granted Thomas eight days; and he wanted the wounds still to be visible on his body, although they were “clean, very beautiful, filled with light”, because the Apostle had said he would not believe unless he put his finger in them. “He was stubborn! But the Lord”, the Pope remarked, “wanted a pig-headed man in order to explain something greater. Thomas placed his fingers in the Lord’s wounds. But he did not say: “it’s true, the Lord is risen”. He went further; he said: “My Lord and my God”. Starting with his disbelief the Lord led him to profess not only his belief in the Resurrection, but above all, his belief in the divinity of the Lord.

“How can I find the wounds of Jesus today? I cannot see them as Thomas saw them. I find them in doing works of mercy, in giving to the body - to the body and to the soul, but I stress the body - of your injured brethren, for they are hungry, thirsty, naked, humiliated, slaves, in prison, in hospital. These are the wounds of Jesus in our day”.

Mere philanthropic actions do not suffice, the Pope added. “We must touch the wounds of Jesus, caress them. We must heal the wounds of Jesus with tenderness. We must literally kiss the wounds of Jesus”. The life of St Francis, he said, changed when he embraced the leper because “he touched the living God and lived in adoration”. “What Jesus asks us to do with our works of mercy, is what Thomas asked: to enter his wounds”.

(3rd July 2013)

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-03-2022 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 04, April 2022, Pages 88.